

# الإيمان وسكينة النفس

# വിശ്വാസവും ആത്മശാന്തിയും

باللغة المليبارية

# വിശ്വാസവും
# ആത്മശാന്തിയും


തയ്യാറാക്കിയത്:

**അൽ വറഖാതുൽ ഇൽമിയ്യ**
**പബ്ലിഷിംഗ് ഹൗസ്**

വിവർത്തനം:

**റിയാദ് ഇന്ത്യൻ ഇസ്‌ലാഹി സെന്റർ**


---


**HOUSE OF THE PROPER KNOWLEDGE**
**FOR PUBLISHING & DISTRIBUTION**
**Riyadh- 11438 P.O.Box 32659 Tel 4228837 Fax 2933407**

ح دار الورقات العلمية للنشر والتوزيع، ١٤٢٥هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

القسم العلمي بالدار
الإيمان وسكينة النفس./ القسم العلمي بالدار.- الرياض، ١٤٢٥هـ
٧٢ ص، ١٢ × ١٧ سم
ردمك: ٧ - ٣ - ٩٥٨٣ - ٩٩٦٠
(النص باللغة المليبارية)
١- الإيمان (الإسلام) أ. العنوان
ديوي ٢٤٠ ١٤٢٥/٥٤٧٧

رقم الإيداع: ١٤٢٥/٥٤٧٧
ردمك: ٧ - ٣ - ٩٥٨٣ - ٩٩٦٠

**حقوق الطبع محفوظة**

**الطبعة الأولى**
**١٤٢٥هـ - ٢٠٠٤م**

# താളുകളിൽ

| | പേജ്: |
|---|---|
| ഉമ്മറപ്പടി. (വിവർത്തകക്കുറിപ്പ്) | 4 |
| ശാന്തി മാർഗ്ഗം | 5 |
| സമാധാനത്തിലേക്കുള്ള വഴി | 7 |
| പ്രവാചകരോടൊപ്പം വിരാചിക്കുന്നു | 59 |
| പ്രാർത്ഥന മനശ്ശാന്തിയുടെ സ്രോതസ്സ് | 60 |

************

# ഉമ്മറപ്പടി

'അൽ വറഖാതുൽ ഇൽമിയ്യ' പബ്ലിഷിംഗ് ഹൗസ് തയ്യാറാക്കിയ 'അത്വരീഖു ഇലാ സകീനതിന്നഫ്സ്' എന്ന കൃതിയുടെ മലയാള വിവർത്തനമാണ് ഈ ചെറു പുസ്തകം.

മനസ്സമാധാനത്തിന് വേണ്ടി അലഞ്ഞുതിരിയുന്ന മാനവർക്ക് മാർഗ്ഗദർശനം നടത്താനുള്ള ഒരു ശ്രമമാണ് രചയിതാക്കൾ ഇതിലൂടെ നടത്തിയിട്ടുള്ളത്. ഇതിന്റെ വിജയപരാജയങ്ങൾ തീരുമാനിക്കേണ്ടത് നിങ്ങളാണ്, വായനക്കാർ.

ഇത് ഒരു പദാനുപദ തർജ്ജമയല്ല. ആശയം ഒട്ടും ചോർന്നു പോവാതെ നോക്കിയിട്ടുണ്ട്. പോരായ്മകൾ കണ്ടേക്കാം- സദയം അറിയിക്കുന്നതിന് നന്ദി.

ഒരാൾക്കെങ്കിലും ഉപകരിച്ചെങ്കിൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവർ ചാരിതാർത്ഥ്യരാണ്. പ്രബോധന ശൃംഘലയിലെ ഒരു കണ്ണിയായി ഇത് സ്വീകരിക്കപ്പെടുമാറാവട്ടെ, ആമീൻ.

- വിവർത്തകൻ

**അബ്ദുല്ല മുഹമ്മദ് ജമാലി**

************

# ശാന്തി മാർഗ്ഗം

﴿ هُوَ ٱلَّذِىٓ أَنزَلَ ٱلسَّكِينَةَ فِى قُلُوبِ ٱلْمُؤْمِنِينَ لِيَزْدَادُوٓا۟ إِيمَـٰنًا مَّعَ إِيمَـٰنِهِمْ ﴾ ( الفتح : ٤ )

'അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കിക്കൊടുത്തത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരേണ്ടതിന് വേണ്ടി' (ഫത്ഹ്: 4).

ശരീര ശാസ്ത്രത്തിൽ ഉന്നത പഠനം നടത്തിയ അമേരിക്കയിലെ പ്രസിദ്ധനായ ഒരു ഡോക്ടർ മനുഷ്യ ജീവിതത്തിന്റെ വ്യത്യസ്ഥ സ്വഭാവ ഗുണങ്ങളെ ക്രോഢീകരിച്ചു കൊണ്ട് ഒരു ചാർട്ട് വരക്കുകയുണ്ടായി. എന്നിട്ടതിൽ ആരോഗ്യം, ശക്തി, സ്നേഹം, ഔദാര്യം, ഐശ്വര്യം, പ്രസിദ്ധി തുടങ്ങിയവ അടയാളപ്പെടുത്തിയ ശേഷം പ്രബലനായ ഒരു തത്വചിന്തകന് സമർപ്പിച്ചു.

ചാർട്ട് നന്നായി ശ്രദ്ധിച്ച ശേഷം തത്വചിന്തകൻ ഇങ്ങിനെ പ്രതികരിച്ചു. 'വളരേ ഗംഭീരം, നല്ല ക്രോഢീകരണം വിഷയങ്ങൾ ഏറെക്കുറെ നന്നായി പ്രതിപാതിച്ചിട്ടുണ്ട്. പക്ഷേ ഒരു പോരായ്മ കാണുന്നു. അതാണിതിലെ മർമ്മ പ്രധാന ഭാഗവും. അത് ഉൾപ്പെടുത്താതിടത്തോളം ഈ ശ്രമം ഫല ശൂന്യവും ഒരു പാഴ്വേലയുമായിരിക്കുന്നതാണ്. എന്നിട്ടദ്ദേഹം ചാർട്ടിന് കുറുകെ ഒരു വര വരക്കുകയും അടിയിൽ 'മനശാന്തി' എന്ന വാക്ക് കുറിച്ചിടുകയും ചെയ്തു. എന്നിട്ടദ്ദേഹം പ്രതിവചിച്ചു. മനശ്ശാന്തി ദൈവത്തിന്റെ ഒരു വരമാണ.് ബുദ്ധിയും പ്രസിദ്ധിയും ആരോഗ്യവും സമ്പത്തും പലർക്കും ലഭ്യമാകാം. പക്ഷേ മനശ്ശാന്തി ഇഷ്ടദാസന്മാരായ വളരെ കുറച്ചാളുകൾക്ക് മാത്രമേ

ദൈവം നൽകാറുള്ളു. അദ്ദേഹം തുടർന്നു. ഇതെന്റെ മാത്രം അഭിപ്രായമല്ല. അൽമസാമീർ, ഒറേലിയൂസ്, ലാഡൻസ് തുടങ്ങിയ പ്രസിദ്ധരായ തത്വചിന്തകരും ഇതേ അഭിപ്രായക്കാരാണ്. എന്നിട്ടദ്ദേഹം ഒരു പ്രാർത്ഥനയോടു കൂടിയാണ് ആ കൂടിക്കാഴ്ച്ച അവസാനിപ്പിച്ചത്. ദൈവമേ ഭൗതികാഢംബരങ്ങൾ അത് മോഹിച്ച് നടക്കുന്നവർക്ക് നീ നൽശിയാലും, എന്നെ നീ മനശ്ശാന്തി നൽകി അനുഗ്രഹിക്കേണമേ.

തത്വചിന്തകന്റെ പ്രതികരണം ഡോക്ടർക്ക് ഉൾക്കൊള്ളാൻ സാധിച്ചില്ല. പക്ഷേ അരനൂറ്റാണ്ട് കാലത്തെ ആഴത്തിലുള്ള പഠനത്തിനും ഗഹനമായ ഗവേഷണത്തിനും ശേഷം അദ്ദേഹത്തിനു ബോധ്യം വന്നു തത്വചിന്തകൻ പറഞ്ഞത് യാഥാർത്ഥ്യമാണെന്ന്. അദ്ദേഹം വിലയിരുത്തി മനുഷ്യ ജീവിതത്തിലെ മർമ്മ പ്രധാന ഭാഗം മനശ്ശാന്തി തന്നെയാണെന്ന്. ജീവിതത്തിലെ മറ്റേത് ഘടകങ്ങളേക്കാളും വളരേ അനിവാര്യമായ ഒന്നാണ് മനശ്ശാന്തി, ആരോഗ്യം, ധനം, മറ്റ് ഭൗതിക സുഖ സൗകര്യങ്ങൾ ഇവയൊന്നുമില്ലാത്ത ഘട്ടത്തിലും മനശ്ശാന്തി ലഭ്യമാണെങ്കിൽ ജീവിതം ധന്യ പൂർണമാകുന്നതാണ്.

കൊച്ചു കൂരകളിൽ മനശ്ശാന്തിയോടെ കഴിയുന്നത് കൊട്ടാര വാസത്തിന് തുല്യവും കൊട്ടാരങ്ങളിൽ മനസ്സമാധാനമില്ലാതെ കഴിയുന്നത് ജയിൽ ജീവിതത്തേക്കാൾ ദുസ്സഹമാണ്. സമ്പൽ സമൃദ്ധിയുടെ മടിത്തൊട്ടിലിൽ ജീവിക്കുന്ന അമേരിക്കയിലെ ഒരു ഭിഷ്വഗ്വരന്റെ അഭിപ്രായമാണ് മേലുദ്ദരിച്ചത്. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ, സർവ്വ സ്വാതന്ത്രങ്ങളുടെ, ഭൗതിക ജീവിത സുഖാഢംബരങ്ങളുടെ നടുവിൽ ജീവിക്കുന്ന ഒരു വിദ്യാസമ്പന്നൻ ദീർഘകാല പഠനത്തിനു ശേഷം മനസ്സിലാക്കിയ യാഥാർത്ഥ്യമാണ് ഉപരിസൂചിത വാക്യങ്ങൾ. മന

ശ്ശാന്തിയേക്കാൾ അമൂല്യമായ മറ്റൊന്നും ജീവിതത്തിലില്ലെന്ന ദ്ദേഹം കണ്ടെത്തി. നാമീ വചനങ്ങൾ സ്വീകരിക്കുന്നു. കാരണം വിജ്ഞാനം മുസൽമാന്റെ കളഞ്ഞുപോയ സ്വത്താണ്. അതെവിടെ കണ്ടാലും അതവൻ വീണ്ടെടുക്കേണ്ടതാണ്.

ഇവിടെയാണ് ചിന്തിക്കേണ്ടത്. അശാന്തി നിറഞ്ഞ ജീവിതത്തിന് സുഖമോ സംതൃപ്തിയോ ഉണ്ടാവുകയില്ല. അത് ലഭിക്കണമെങ്കിൽ 'മനശ്ശാന്തി' കൂടിയേ തീരൂ. ജീവിതം ധന്യമാക്കുന്നത് മനശ്ശാന്തിയാണ്. മനുഷ്യ ജീവിതത്തിന് കൈ മോശം വന്ന ഈ അമൂല്യ നിധി കരകതമാക്കാൻ ശ്രമിക്കേണ്ടതുണ്ട്. സത്യവിശ്വാസത്തിലൂടെ മാത്രമേ അത് ലഭ്യമാകുകയുള്ളൂ.

## സമാധാനത്തിലേക്കുള്ള വഴി

ജീവിത വിജയത്തിന്റെ ആണിക്കല്ലാണ് മനശ്ശാന്തി. ആരോഗ്യം, ബുദ്ധി, അറിവ്, ശക്തി, സമ്പത്ത്, സന്താനം, അധികാരം, പെരുമ, കുടുംബം, ആഢംബരം എന്നിവയിലൊന്നും മനശ്ശാന്തി ലഭിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങിനെ അത് ലഭിക്കുമെന്നതിനെപ്പറ്റി പഠനം നടത്തി കണ്ടെത്തിയ ഏക മാർഗ്ഗം ദൈവ വിശ്വാസവും പരലോക ചിന്തയുമാണ്. മനസ്സിന്റെ അകത്തളങ്ങളിൽ അലിഞ്ഞു ചേർന്ന ദൈവ ഭക്തി മാത്രമാണ് മനശ്ശാന്തി ലഭിക്കാനുള്ള ഏക സ്രോതസ്സ്. ഇത് അനുഭവ യാഥാർത്ഥ്യവും ചരിത്ര സത്യവും ഗവേഷണ പഠനങ്ങളിലൂടെ സ്ഥിരീകരിക്കപ്പെട്ടതുമാണ്. ഈ മനശ്ശാന്തി ഒരു ദിവ്യ ചൈതന്യമാണ്. ഭീതിയിൽ നിന്ന് നിർഭയവും മനക്ലേശത്തിന് ശമനവും ദു:ഖിതന് സാന്ത്വനവും പരിഭ്രമങ്ങളിൽ നിന്ന് മോചനവും ലഭിക്കുന്ന ദിവ്യ വരം.

ഹിജ്റവേളയിലെ ഭീതിജനകമായ സന്ദർഭത്തിൽ പ്രവാചകന്റെ മനസ്സിന് ശാന്തതയുടെ കുളിരേകിയത് ഈ ദിവ്യചൈതന്യ

മാണ്. ആയുധ പാണികളായ ശത്രുക്കൾ മുക്കും മൂലയും അരിച്ചു പെറുക്കി അന്വേഷിച്ച് നടക്കുമ്പോഴും അശേഷം ഭീതി ബാധിക്കാതെ ശാന്തമനസ്കനായി സഹയാത്രികന്റെ മടിയിൽ തലചായ്ച്ചുറങ്ങുന്ന അസുലഭമായ രംഗം എന്തുമാത്രം ശ്രദ്ധേയമാണ്.

സഹസഞ്ചാരിയായ അബൂബക്കർ (റ) പ്രവാചകന്റെ കാര്യത്തിൽ ഭീതിപ്പെട്ടു. ശത്രുക്കൾ സ്വന്തം പാദത്തിലേക്ക് നോക്കുകയാണെങ്കിൽ നമ്മെ അവർ കണ്ടത് തന്നെ എന്നദ്ദേഹം പ്രവാചകന്റെ കാതിൽ മന്ത്രിച്ചു. അപ്പോഴാണ് പ്രവാചകനിലെ സാന്ത്വനത്തിന്റെ നിർസ്സരി ഒഴുകിയത്. അവിടന്ന് പറഞ്ഞു അബൂബക്കർ, മൂന്നമനായി ദൈവം കൂട്ടനുള്ള ഈ രണ്ടാളെ പറ്റി താങ്കളെന്താണ് ധരിച്ചിരിക്കുന്നത്? വിശുദ്ധ ഖുർആൻ ഇപ്രകാരമാണ് വിവരിക്കുന്നത്.

'സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ, അഥവാ അവർ രണ്ടു പേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട് 'ദുഃഖിക്കേണ്ട തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്' എന്ന് പറയുന്ന സന്ദർഭം. അല്ലാഹു അവനിൽ നിന്നുള്ള സമാധാനം അദ്ദേഹത്തിനുമേൽ ഇറക്കികൊടുത്തു' (തൗബ: 40)

ഈ ശാന്തി ഒരു സ്വർഗ്ഗീയ അനുഭൂതി കൂടിയാണ്. സത്യവിശ്വാസിയുടെ വിശ്വാസ കർമ്മഫലമായി ലഭിക്കുന്ന സ്വർഗ്ഗലോകം! മനോഹരമായ മന്ദമാരുതൻ, എങ്ങും പ്രകാശമയം, സൗഗന്ധികമായ അന്തരീക്ഷം, അരുവികളും പരവതാനികളും പട്ടുമെത്തകളും മറ്റ് പരശ്ശതം മനം കവരുന്ന സുഖാഢംബര

ങ്ങളും കൊണ്ടലംകൃതമായ അന്തരീക്ഷം. അവിടെ ലഭിക്കു ന്ന മനശ്ശാന്തി ആ അനുഗ്രഹീത മനശ്ശാന്തിയുടെ ഒരു സൂചന കൂടിയാണ് ഇഹത്തിൽ സത്യവിശ്വാസി മനശ്ശാന്തിയിലൂടെ അനുഭവിച്ചറിയുന്നത്.

മാനവലോകത്ത് മഹനീയമായി ഗണിക്കപ്പെടുന്ന വിജ്ഞാ നം, തത്വചിന്ത, ശാസ്ത്ര പുരോഗതി, ജീവിത സൗഭാഗ്യങ്ങൾ ഇവയെല്ലാം ഉണ്ടായിട്ടും മനശ്ശാന്തിക്കു വേണ്ടി മനുഷ്യൻ നെട്ടോ ട്ടമോടുമ്പോൾ സത്യവിശ്വാസി ശാന്തനും സംതൃപ്തനുമായി കാണപ്പെടുന്നതെന്ത് കൊണ്ട് എന്ന് അന്വേഷിക്കുമ്പോൾ ചില വസ്തുതകൾ കണ്ടെത്താൻ സാധിക്കുന്നു.

ഒരു ദൈവ വിശ്വാസി തന്റെ സൃഷ്ടിപ്പിന്റെ പ്രകൃതത്തിന നുസരിച്ചാണ് ജീവിതം ചിട്ടപ്പെടുത്തുന്നത്. സ്വപ്രകൃതത്തിന്റെ തേട്ടത്തോട് സംഘട്ടനങ്ങളോ സംവാദങ്ങളോ നടത്താൻ അവൻ മുതിരുന്നില്ല എന്നത് തന്നെ മർമ്മ പ്രധാന കാരണം.

മനുഷ്യ പ്രകൃതി സദാ അവന്റെ സ്രഷ്ടാവിനെ പറ്റി തേടി കൊണ്ടേയിരിക്കുന്നു. തത്വചിന്തകൾക്കോ വിജ്ഞാനങ്ങൾക്കോ ശാസ്ത്ര സാങ്കേതിക പുരോഗതികൾക്കോ ആ തേട്ടത്തിന് നിർവൃതിയേകാൻ സാധിക്കുന്നതല്ല. ദൈവ വിശ്വാസം മാത്ര മാണ് ആ തേട്ടത്തിനുള്ള പരിഹാര മാർഗ്ഗം.

ദൈവ വിശ്വാസം മനസ്സിന്റെ ഒടുങ്ങാത്ത ദാഹത്തിന് ശമ നവും ഭീതിയകറ്റി നിർഭയത്വവും, പരിഭ്രമത്തിൽ നിന്ന് മോച നവും, ചാഞ്ചല്യപ്പെടാത്ത സ്ഥൈര്യമായ അവസ്ഥയും അശാ ന്തി മാറ്റി ശാന്തതയും പ്രദാനം ചെയ്യുന്നു. നാടും വീടും വിട്ട കന്ന ഒരു വിദേശി സ്വകുടുംബത്തിലെത്തിയാലുണ്ടാകുന്ന അനുഭൂതി, മരുഭൂമിയിൽ വട്ടം കറങ്ങുന്ന ഒരു പരദേശി ലക്ഷ്യ

സ്ഥാനത്ത് എത്തുമ്പോഴുള്ള നിർവൃതി സത്യവിശ്വാസിക്ക് ലഭിക്കുന്നു.

മനുഷ്യന്റെ കണ്ഠനാഡിയേക്കാൾ തന്നോട് അടുത്ത് നിൽക്കുന്ന തന്റെ സ്രഷ്ടാവിനെ കണ്ടെത്താതെ പോയാൽ അവൻ എന്തു മാത്രം നിർഭാഗ്യവാനും പരാജിതനുമാണ്. തന്റെ പ്രകൃതത്തോട് സംഘട്ടനത്തിലേർപെട്ട അവൻ ജീവിത സൗഭാഗ്യം ഹനിച്ചവനാണ്. സ്വന്തത്തെ തന്നെ മറന്നു ജീവിക്കുന്നവൻ. ഇതിൽപരം പരാജയം എന്താണുള്ളത്. ഖുർആൻ പറയുന്നു:

﴿ كَٱلَّذِينَ نَسُواْ ٱللَّهَ فَأَنسَىٰهُمۡ أَنفُسَهُمۡ ﴾ ( الحشر : ١٩ )

'അല്ലാഹുവിനെ മറന്നു കളഞ്ഞ ഒരു വിഭാഗത്തെപോലെ (നിങ്ങളാകരുത്). തന്മൂലം അല്ലാഹു അവർക്ക് അവരെപറ്റി തന്നെ ഓർമ്മയില്ലാതാക്കി' (ഹശ്ർ: 19).

സ്വന്തത്തെ കണ്ടെത്താത്ത ഒരു മനുഷ്യന്റെ അവസ്ഥയൊന്ന് രൂപപ്പെടുത്തി നോക്കുക. അവൻ തന്റെ അഭിപ്രായത്തിലും മറ്റുള്ളവരുടെ ദൃഷ്ടിയിലും കേൾവിയും കാഴ്ചയും ബുദ്ധിയുമുള്ള മനുഷ്യനാണ്. സംസ്കാര സമ്പന്നനും ബിരുദ ധാരിയുമായേക്കാം. ഡോക്ടറോ, ശാസ്ത്രജ്ഞനോ അതിലപ്പുറമുള്ള പദവികളോ അലങ്കരിച്ചിരിക്കാം. പക്ഷെ തന്നെക്കുറിച്ച് താനാരാണ്? എവിടന്ന് വന്നു? എങ്ങോട്ട് പോകുന്നു? എന്നതിനെപ്പറ്റി അറിയാത്തവന്റെ അവസ്ഥ എന്തുമാത്രം ദുരൂഹമാണ്.

അവൻ വഞ്ചിക്കപ്പെട്ടിരിക്കുന്നു. ദേഹേഛക്കടിമയാണവൻ ആഢംബരങ്ങളിൽ മതിമറന്നു കഴിയുന്നവൻ, ഭൂവിലെ ഒരു ശാശ്വതവാസിയെപ്പോലെയാണ് അവന്റെ പെരുമാറ്റങ്ങൾ സ്വന്തത്തെ പറ്റി ചിന്തിക്കാൻ പോലും അഹന്ത അവനെ അനുവദിക്കുന്നില്ല. കഷ്ടം തന്നെ.

മനുഷ്യ സൃഷ്ടിപ്പ് ഒരത്ഭുത പ്രതിഭാസമാണ്. മണ്ണിന്റേയും ദിവ്യാത്മാവിന്റെയും സങ്കരമാണവൻ ഈ രണ്ട് ഗുണങ്ങളും അവനിൽ നിർഗ്ഗളിക്കുന്നു. ആത്മാവിന്റെ ഗുണം അവനെ ഉദാത്തനാക്കുന്നു. മറിച്ച് മണ്ണിന്റെ ഗുണം കേവലം തീനും കുടിയും രമിക്കലുമായി ജീവിതം തുലയ്ക്കുന്നു. സ്രഷ്ടാവിനെപ്പറ്റിയുള്ള ചിന്ത പോലും വിനഷ്ടമാവുകയും സ്വന്തത്തെ അറിയാതെ പോവുകയും ചെയ്യുന്നു. ഇബ്നു ഖയ്യിം (റ) പറഞ്ഞു. മനുഷ്യ മനസ്സിൽ അവ്യക്തതയുണ്ട് ദൈവിക ചിന്തകൾക്കേ അതിനെ മാറ്റാൻ പറ്റുകയുള്ളൂ. അതിലെ കാടത്വത്തെ വിപാടനം ചെയ്യാനും അശാന്തിക്ക് അറുതി വരുത്താനും ദുഃഖ പാരവശ്യത്താൽ പൊറുതി മുട്ടുന്ന മനസ്സിന്ന് ശാന്തിയേകാനും ദൈവസ്മരണയ്ക്കും അവന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസൃതമായ ജീവിതത്തിനും മാത്രമേ സാധിക്കുകയുള്ളൂ. മനദാരിദ്ര്യത്തിൽ നിന്ന് മോചനം നേടാൻ ദൈവസ്നേഹവും അവനിൽ വിലയം പ്രാപിക്കലുമാണ് ഏക മാർഗ്ഗം. ഭൗതിക ലോകം മുഴുക്കേ ലഭിച്ചാലും മനഃദാരിദ്ര്യത്തിൽ നിന്ന് മോചനം നേടാൻ സാധ്യമല്ല തന്നെ തീർച്ച.

ഇത് കേവലം ഒരു പണ്ഡിതന്റെ മൊഴികൾ മാത്രമല്ല മറിച്ച് അനുഭവ യാഥാർത്ഥ്യമാണ്. സ്വന്തത്തിലും ചുറ്റുമുള്ളവരിലും പരീക്ഷിച്ചറിഞ്ഞ പച്ചപരമാർത്ഥം.

മനുഷ്യ പ്രകൃതത്തിന്റെ തേട്ടം ദൈവവിശ്വാസത്തിലും ദൈവിക മാർഗ്ഗം അവലംബിക്കുന്നതിലും അവനിൽ വിലയം പ്രാപിക്കുന്നതിലും അധിഷ്ഠിതമാണ്. ഈ തേട്ടത്തെ ധിക്കരിക്കാൻ അറേബ്യയിലെ ബഹുദൈവാരാധകർക്ക് പോലും സാധിച്ചില്ല എന്നതാണ് വസ്തുത. വിശുദ്ധ ഖുർആൻ കാണുക:

﴿ وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ لَيَقُولُنَّ ٱللَّهُ ﴾ ( العنكبوت : ٦١ )

'ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട് (ബഹുദൈവ വിശ്വാസികളോട്) ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: അല്ലാഹുവാണെന്ന് (അൻകബൂത്: 61)

മനുഷ്യൻ തന്റെ ഇച്ഛാനുസരണമുള്ള ജീവിതവും പിതാക്കളോടും പ്രപിതാക്കളോടും നേതാക്കളോടുമുള്ള അന്ധമായ അനുകരണവും നിമിത്തം ഈ പ്രകൃതിപരമായ തേട്ടത്തിനു മേൽ മൂടുപടമിടുകയാണ് ചെയ്യുന്നത്. മനുഷ്യൻ താൻ തനിക്ക് മതിയെന്ന തൻപോരിമയാൽ വഞ്ചിതനാവുകയും ദൈവ നിഷേധത്തിലേക്ക് അവനെ എത്തിക്കുകയും ചെയ്യുന്നു.

ആപൽകരമായ അവസ്ഥകളിൽ അകപ്പെടുമ്പോൾ മറ്റാരും രക്ഷിക്കാനില്ലെന്ന് ബോധ്യം വരുമ്പോൾ മനുഷ്യ മനസ്സിനെ ദൈവത്തിലേക്കും അവനോടുള്ള പ്രാർത്ഥനയിലേക്കും തിരിച്ചു വിടുന്നത് ഈ സൃഷ്ടിപരമായ തേട്ടമാണ്. ഖുർആൻ സൂചിപ്പിക്കുന്നു.

﴿ وَإِذَا مَسَّكُمُ ٱلضُّرُّ فِى ٱلْبَحْرِ ضَلَّ مَن تَدْعُونَ إِلَّآ إِيَّاهُ ﴾ (الإسراء : ٦٧)

'കടലിൽവെച്ച് നിങ്ങൾക്ക് കഷ്ടത (അപായം) നേരിട്ടാൽ അവനൊഴികെ, നിങ്ങൾ ആരെയെല്ലാം വിളിച്ചു പ്രാർത്ഥിച്ചിരുന്നുവോ അവർ അപ്രത്യക്ഷരാകും' (ഇസ്റാഅ് :67)

ഈ സൃഷ്ടിപരമായ തേട്ടം പൂർവ്വമതങ്ങളും സംസ്കാരങ്ങളും സമ്മതിച്ച യാഥാർത്ഥ്യമാണ്. ശിലായുഗ മനുഷ്യൻ വരെ മൂർത്തി സങ്കല്പങ്ങളിൽ വിശ്വസിക്കുയും അവയ്ക്ക് മുമ്പിൽ പ്രാർത്ഥനകളും വഴിപാടുകളും അർപ്പിക്കുകയും ചെയ്തിരുന്നു എന്നത് ഗവേഷണങ്ങളാൽ തെളിയിക്കപ്പെട്ടതാണ്.

ഒരു പ്രസിദ്ധ ചരിത്ര പണ്ഡിതൻ ഇങ്ങനെ രേഖപ്പെടുത്തി: 'കോട്ട കൊത്തളങ്ങളും ഫാക്ടറികളും പണിശാലകളും ഇല്ലാത്ത ഒട്ടനവധി പുരാതന പട്ടണങ്ങൾ കണ്ടെത്തപ്പെട്ടിട്ടുണ്ട്. പക്ഷേ അവിടങ്ങളിലെല്ലാം ആരാധനാലയങ്ങളും പൂജാമന്ദിരങ്ങളും ഉണ്ടായിരുന്നു,.

മനുഷ്യ ചരിത്രമുടനീളം പരിശോധിക്കുമ്പോൾ ദൈവ നിഷേധം കണ്ടെത്താവതല്ല മറിച്ച് പരദൈവ സങ്കല്പങ്ങളേയും പ്രകൃതിയിലെ വസ്തുക്കളേയും ആരാധിക്കുന്നവരേയാണ് കണ്ടെത്താൻ സാധിക്കുക.

ഇത് കൊണ്ടാണ് കാലാകാലങ്ങളിൽ അവതീർണ്ണരായ പ്രവാചകന്മാരെല്ലാം മാനവരെ സൃഷ്ടി ആരാധനയിൽ നിന്ന് സ്രഷ്ടാവിനെ ആരാധിക്കാനായി പ്രബോധനം നടത്തിയത്. അവരവരുടെ ജനതയോട് ഒന്നാമതായി പറഞ്ഞത് ഏകനായ ദൈവത്തെ ആരാധിക്കുക പരദൈവങ്ങളെ ത്യജിക്കുക എന്നായിരുന്നു.

﴿ أَنِ ٱعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ ﴾ ( النحل : ٣٦ )

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി)' (നഹ്ൽ: 36)

﴿ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ غَيْرُهُۥٓ ﴾ ( الأعراف : ٦٥ )

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുവീൻ. നിങ്ങൾക്ക് അവ നല്ലാതെ ഒരു ദൈവവുമില്ല' (അഅ്റാഫ്: 65)

ഇത് കൊണ്ട് തന്നെയാണ് വിശുദ്ധ ഖുർആൻ പ്രഥമവും പ്രധാനവുമായി ഏകദൈവ ആരാധനയിലേക്ക് ആഹ്വാനം ചെയ്തത്. ആരാധനകളഖിലവും അല്ലാഹുവിന് മാത്രമേ അർ പ്പിക്കാവൂ എന്നും സഹായാർത്ഥനയും ഭരമേല്പിക്കലും പശ്ചാ താപവുമെല്ലാം ഏകനായ നാഥന്റെ മുമ്പിൽ മാത്രം ചെയ്യേ ണ്ടതാണെന്നും വിശുദ്ധ വേദം അടിക്കടി ഓർമിപ്പിച്ച് കൊണ്ടേ യിരുന്നതായി കാണാവുന്നതാണ്. മനുഷ്യ പ്രകൃതിയുടെ തേട്ട മായ സ്രഷ്ടാവിലുള്ള വിശ്വാസം എല്ലാ കാലത്തും ഉണ്ടായി രുന്നു എന്നതാണല്ലോ ഇതിൽ നിന്നെല്ലാം മനസ്സിലാകു ന്നത്. കാലാകാലങ്ങളിൽ ബുദ്ധിമോശം സംഭവിച്ച ചില അൽപ്പ ജ്ഞൻമാർ ദൈവനിഷേധികളായി ഉണ്ടായിരുന്നു എന്നത് ഇതി ന്നപവാദമല്ല കാരണം അവർക്ക് സമൂഹത്തിൽ പരിഗണനീയ മായ സ്ഥാനങ്ങളുണ്ടായിരുന്നില്ലെന്നതാണ് വസ്തുത.

മതത്തിലും ദൈവത്തിലും വിശ്വാസമില്ലാത്ത ചില നിരീശ്വര നിർമ്മത വാദികൾ തങ്ങളുടെ സുദീർഘമായ ലേഖനങ്ങളിലൂ ടെ സമൂഹത്തോട് പറയുന്നത് ഞങ്ങളുടെ ഈ നിരീശ്വര നിർമ്മത ആശയത്തെ നിങ്ങളിലാരും അംഗീകരിക്കരുതെന്നാ ണ്. എന്തൊരത്ഭുതം! ഒരാൾ എഴുതുന്നു. ദൈവാസ്ഥിക്യത്തെ ഞാൻ നിഷേധിക്കുമ്പോൾ എന്റെ ബുദ്ധി അതംഗീക്കരിക്കു ന്നില്ല. ഞാൻ പറയുമ്പോഴും എഴുതുമ്പോഴും എന്റെ മനസ്സാ ക്ഷി എന്നോട് മന്ത്രിക്കുന്നത് ദൈവമുണ്ടെന്നാണ്. ഒരാൾ തന്നെ ത്തന്നെ ഇഷ്ടപ്പെടുന്നില്ലെന്നോ അല്ലെങ്കിൽ ജീവിതത്തെ

ഇഷ്ടപ്പെടുന്നില്ലെന്നോ പറഞ്ഞാൽ അത് വിശ്വസനീയമാണോ? അത് പോലെയാണ് സ്രഷ്ടാവ്, ദൈവദൂതൻമാർ, മതം എന്നിവ നിഷേധിക്കൽ. മനുഷ്യ മനസ്സിന്റെ അഗാധ തലങ്ങളിൽ നിന്നുള്ള തേട്ടത്തെ വാക്ക് കൊണ്ടോ പേന കൊണ്ടോ നിഷേധിച്ചാൽ അത് യാതർത്ഥ്യത്തോടുള്ള പോരാട്ടമാണ്. കാരണം ഞാനെന്നവൻ ഇവിടെയുണ്ട് അപ്പോൾ ഞാനൊരു വിശ്വാസിയാണ്. ഞാൻ ചിന്തിക്കുന്നു. അപ്പോഴും ഞാനൊരു വിശ്വാസിയാണ് സർവ്വോപരി ഞാനൊരു മനുഷ്യനാണ് അപ്പോഴും ഞാനൊരു വിശ്വാസിയാകുന്നു.

ഇത്രയും തുടക്കത്തിലെഴുതി തുടർന്നുള്ള പേജുകളത്രയും ദൈവനിഷേധവും ദുർമാർഗ്ഗവും വികലമായ ആശയങ്ങൾ കൊണ്ടും എഴുതി നിറക്കപ്പെട്ടതാണ്. എന്നിരുന്നാലും മനസ്സാക്ഷിക്ക് നിരക്കാത്ത കാര്യങ്ങളാണ് അദ്ദേഹം കുറിക്കുന്നതെന്ന് ബോധ്യപെടുന്നുവല്ലോ ആയതിനാലാണ് ദൈവ വിശ്വാസം മനുഷ്യ പ്രകൃതത്തിന്റെ തേട്ടമാണെന്ന് പറഞ്ഞത്.

ഇതിൽ നിന്നെല്ലാം ഉരുത്തിരിയുന്ന ഒരു സത്യമുണ്ട്. മനുഷ്യ മനസ്സ് ആദരിക്കാനും ആരാധിക്കാനും ഭയഭക്തിയും പ്രതീക്ഷയും അർപ്പിക്കാനും പ്രാർത്ഥനയും വഴിപാടുകളും നേരാനും ഒരു മഹാശക്തിയെ തേടുന്നുണ്ട്. ആ ശക്തിക്ക് ദൈവമെന്നോ സ്രഷ്ടാവെന്നോ പേര് പറഞ്ഞില്ലെങ്കിലും ആ ശക്തിക്ക് മുമ്പിൽ കീഴ്വണക്കത്തോടെ നിൽക്കാൻ മനുഷ്യ മനസ്സ് എപ്പോഴും കൊതിക്കുന്നു എന്നതാണത്.

ഖേദമെന്ന് പറയട്ടെ പ്രകൃതിപരമായ ഈ തേട്ടത്തെ അടിച്ചമർത്തി സത്യത്തിന്റെ മേൽ കണ്ണടച്ച് മനസ്സിനെ ഇരുടളഞ്ഞതാക്കുന്ന അവിശ്വാസികളോട് സങ്കടപ്പെടുകയല്ലാതെ എന്ത് ചെയ്യാനാണ്. അന്ധമായ ദൈവനിഷേധം ഒരു ഫാഷനാക്കി

യവർക്ക് അവരുടെ വാദത്തെ സ്ഥിരീകരിക്കുവാൻ എന്തു തെളിവാണുള്ളത്. സ്വന്തത്തെ നഷ്ടപ്പെടുത്തിയവരും പരാജിതരുമാണവർ. ജനിച്ചു, ജീവിച്ചു, മരിച്ചു, പക്ഷേ ജീവിതത്തിന്റെ ലക്ഷ്യവും മനസ്സിന്റെ തേട്ടവുമായ ദൈവവിശ്വാസത്തെ അവർ കൈ വെടിഞ്ഞു. ഇതിൽപരം പരാജയം എന്താണുള്ളത്? കഷ്ടം തന്നെ. കാരണം ഭൗതിക കാര്യങ്ങളിൽ നഷ്ടം സംഭവിക്കുന്നവനെപ്പറ്റി പറയാറുള്ളത് അവന്റെ ആയുസ്സിൽ പകുതിയും തുലഞ്ഞു എന്നാണല്ലോ. അപ്പോൾ ജീവന്റെ സത്തയും ജീവിതത്തിന്റെ പരമോന്നത ലക്ഷ്യവും പാഴാക്കിയവനെപ്പറ്റി സർവ്വവും നഷ്ടപ്പെടുത്തിയവൻ എന്നല്ലാതെ എന്ത് പറയും.

ആ പാവങ്ങൾക്ക് എന്തൊക്കെയാണ് നഷ്ടമായത്. സ്വന്തത്തെ നഷ്ടപ്പെട്ടു. ഈ ജീവിതവും പരലോക ജീവിതവും നഷ്ടപ്പെട്ടു. മനസ്സമാധാനവും മനസ്സിന്റെ തേട്ടവും നഷ്ടപ്പെട്ടു. അങ്ങനെ നഷ്ടങ്ങളുടെ ഒരു പരമ്പര തന്നെ അവർക്കുണ്ടാകുന്നു. ഇതിനു കാരണം ദൈവവിശ്വാസവും സത്യദീനും കൈ വെടിഞ്ഞവരാണ് അവർ എന്നതാണ്. ഒരു ദിവ്യ വചനം എത്ര മാത്രം അന്വർത്ഥമാണ്.

( عبدي أطلبني تجدني ، فإن وجدتني وجدت كل شيء ، وإن فاتك فاتك كل شيء )

'ദൈവം പറഞ്ഞു: എന്റെ ദാസാ, എന്നെ തേടുക, നിങ്ങൾക്ക് കണ്ടെത്താം. എന്നെ കണ്ടെത്തിയാൽ നിങ്ങൾക്ക് സർവ്വസ്വവും ലഭ്യമായി. എന്നെ കണ്ടെത്താതെ പോയാൽ നിങ്ങൾക്ക് സകലതും നഷ്ടമായി'.

ഒരു പുണ്യവാളന്റെ വാക്ക് ശ്രദ്ധിക്കുക: 'നാഥാ നീയല്ലാതെ എനിക്കൊന്നുമില്ല. നീയുണ്ടായാൽ എനിക്ക് നഷ്ടപ്പെടാനൊന്നുമില്ല. നിനക്ക് പകരക്കാരനെയാക്കുന്നവൻ നിർഭാഗ്യ

വാൻ തന്നെ. നിന്നിൽ നിന്നും പുറം തിരിഞ്ഞു നിൽക്കുന്ന വന്റെ നഷ്ടം നികത്താനാവാത്തതാണ്.

നിരീശ്വരവാദികളുടെ അവസ്ഥയൊന്നോർത്തു നോക്കൂ. സ്രഷ്ടാവിന്റെ മുമ്പിൽ അടിമത്തം അവർ അംഗീകരിക്കുന്നില്ല മറിച്ച് സൃഷ്ടികളുടെ മുമ്പിൽ അടിമകളായിക്കഴിയുന്നു. സർവ്വ തന്ത്ര സ്വതന്ത്രരാണെന്നാണവരുടെ വാദം കാരണം സ്രഷ്ടാവില്ല അടിമത്തമില്ല ആരാധനയില്ല ആരോടും കടപ്പാടില്ല. ഒന്നിലും വിശ്വാസവുമില്ല. യഥാർത്ഥത്തിൽ അവരെന്താണ് ചെയ്തിരിക്കുന്നത്? സ്രഷ്ടാവിന്റെ മുമ്പിൽ മാത്രം അടിയറവ് പറയേണ്ട, ആരാധനാ ഭാവത്തോടെയുള്ള വിധേയത്വം അവർ സൃഷ്ടികളുടെ മുമ്പിൽ അർപ്പിച്ചിരിക്കുന്നു. ഏകനായ ദൈവത്തിനു പകരം ഒട്ടനേകം ദേവൻമാരുടെ മുമ്പിൽ സർവ്വസ്വവുമർപ്പിക്കുന്നു. മൊത്തത്തിൽ ഏറ്റവും ഉദാത്തമായതിനെ ഉപേക്ഷിച്ച് നിന്ദ്യമായത് സ്വീകരിച്ചിരിക്കയാണവർ. ഒരു ദൈവത്തിന്റെ മുമ്പിൽ അടിമത്തം അർപ്പിക്കുന്നതിനു പകരം ഒരായിരം ദേവന്മാരുടെ മുമ്പിൽ അടിമത്തം ഏറ്റു പറഞ്ഞിരിക്കയാണ് പാപികൾ.

ദൈവവിശ്വാസി ലോകത്താരുടെ മുമ്പിലും അവന്റെ വിധേയത്വം അടിയറവ് വെക്കുന്നില്ല. സകലമാന ദേവൻമാരേയും ആരാധ്യരേയും മനസ്സിൽ നിന്ന് പൊട്ടിച്ചെറിഞ്ഞ് ഏകനായ സ്രഷ്ടാവിന്റെ മുമ്പിൽ മാത്രം ആരാധന അർപ്പിക്കുന്നു. യജമാനനും ഭക്ഷണ ദാദാവും കൈകാര്യ കർത്താവും വിധികർത്താവുമെല്ലാം ആ ദൈവം മാത്രം, അവനല്ലാത്ത മറ്റാരോടും അവന് ആരാധനാഭാവമില്ല, കീഴ്വണക്കമില്ല, സഹായാർത്ഥനയില്ല, പ്രണാമമില്ല, അവൻ ഈ ലോകത്ത് മറ്റേത് സൃഷ്ടികളെപ്പോലെയും സ്വതന്ത്രനാണ്.

മേലുദ്ധരിച്ചതിൽ ആരാണുത്തമൻ, ദൈവവിശ്വാസിയോ അതോ നിഷേധിയോ? ദൈവത്തെ മനസ്സിലാക്കിയവൻ മറ്റേ തൊരു ശക്തിക്ക് മുമ്പിലും മുട്ടുമടക്കുകയില്ല, തലകുനിക്കു കയില്ല, സർവ്വസ്വവും അവനിൽ മാത്രം അർപ്പിക്കുന്നു. അഭയം തേടുന്നതും അവനോട്മാത്രം. വിശുദ്ധ ഖുർആൻ ചോദിക്കു ന്നത് കാണുക:

﴿ ءَأَرْبَابٌ مُّتَفَرِّقُونَ خَيْرٌ أَمِ ٱللَّهُ ٱلْوَٰحِدُ ٱلْقَهَّارُ ﴾ ( يوسف : ٣٩ )

വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം, അതോ ഏകനും സർവ്വാധികാരിയുമായ അല്ലാഹുവാണോ? (യൂസുഫ്: 39).

﴿ ضَرَبَ ٱللَّهُ مَثَلًا رَّجُلًا فِيهِ شُرَكَآءُ مُتَشَٰكِسُونَ وَرَجُلًا سَلَمًا لِّرَجُلٍ هَلْ يَسْتَوِيَانِ مَثَلًا ﴾ ( الزمر : ٢٩ )

'അല്ലാഹു ഇതാ ഒരു മനുഷ്യനെ ഉപമയായി എടുത്തു കാണിച്ചിരിക്കുന്നു. പരസ്പരം വഴക്കടിക്കുന്ന ഏതാനും പങ്കു കാരാണ് അവന്റെ യജമാനന്മാർ. ഒരു യജമാനന് മാത്രം കീഴ്പ്പെടേണ്ടവനായ മറ്റൊരാളെയും (ഉപമയായി എടുത്തു കാണിച്ചിരിക്കുന്നു). ഉപമയിൽ ഇവർ രണ്ടുപേരും ഒരുപോലെ യാകുമോ? ' (സുമർ: 29).

വിശുദ്ധ ഖുർആൻ ഉപമിച്ചത് എന്തുമാത്രം കൗതുകകര മാണ്. ഒരടിമയും കുറേ യജമാന്മാരും എല്ലാവരും അവരവ രുടെ ആവശ്യങ്ങൾ ചെയ്ത് കൊടുക്കാൻ അടിമയോടാവശ്യ പ്പെടുന്നു. ഒന്നും ചെയ്യാനാവാതെ ആരേയും തൃപ്തിപ്പെടു ത്താൻ സാധിക്കാതെ അടിമ പരിഭ്രമിയായി നട്ടം തിരിയുന്നു.

സകലരുടേയും ശാപ കോപങ്ങൾ ഏറ്റു വാങ്ങിയെന്ന ധാരണ ആ അടിമയെ മാനസികമായി തകർക്കുകയും ചൈതന്യമറ്റവനാക്കുകയും ചെയ്യുന്നു.

മറ്റൊരു അടിമ, അവന് ഒരു ഉടമ മാത്രം. ഉടമ കല്പിക്കുന്നത് അടിമ യഥാവിധി നിർവഹിക്കുന്നു. അടിമക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നതിൽ ഉടമ ബോധവാനാണ്. ഉടമയെ തൃപ്തനാക്കാൻ എന്തൊക്കെ ചെയ്യണമെന്ന് അടിമക്കുമറിയാം. ഉടമയും അടിമയും ഒരുപോലെ സംതൃപ്തരാകുന്നു. ആർക്കും ആരോടും പരിഭവമുണ്ടാകുന്നില്ല. ഏതാണുത്തമം?. ഒന്ന് മനസ്സിരുത്തി ചിന്തിക്കുക.

ദൈവനിഷേധി സത്യത്തിൽ ബഹുദൈവാരാധകൻ തന്നെയാണ്. അദൃശ്യ ദൈവത്തിൽ വിശ്വസിക്കുന്നില്ലെങ്കിലും ദൃശ്യങ്ങളായ ഒട്ടനേകം ദേവന്മാരുടേയും വസ്തുക്കളുടേയും മുമ്പിൽ അടിയറവ് പറയുന്നു. കുമ്പിടുന്നു. സർവ്വ ശക്തനോടൊപ്പം മറ്റു ദൈവങ്ങളേയും ഒരു ബഹുദൈവാരാധകൻ ആരാധിക്കുമ്പോൾ സർവ്വശക്തനായ ദൈവത്തെ വെടിഞ്ഞു സൃഷ്ടികളായ ഒട്ടനേകം ദേവന്മാരുടെ അടിമകളാവുകയാണ് ദൈവനിഷേധി ചെയ്യുന്നത്.

മനുഷ്യന്റെ അന്തരാളത്തിൽ നിന്ന് ഒരു നാദമുയരുന്നുണ്ട്. അതെ അവന്റെ ചകിത മനസ്സിന് സാന്ത്വനമേകുന്ന ഒരു ചോദ്യം, എന്താണു ലോകം? എന്താണ് മനുഷ്യൻ? ഇവ രണ്ടും എങ്ങനെയുണ്ടായി? ആരുണ്ടാക്കി? ആരാണു നിയന്ത്രിക്കുന്നത്? എന്താണ് ഇവ കൊണ്ടുള്ള ലക്ഷ്യം? തുടക്കം എങ്ങനെ? ഒടുക്കമെങ്ങനെ? എന്താണു ജീവിതം? എന്താണ് മരണം? ഈ ജീവിതത്തിനു ശേഷമെന്ത്? ഈ ഹ്രസ്വ കാലയളവ് കൊണ്ട് ജീവിതം എന്നെന്നേക്കുമായി അവസാനിക്കുകയാണോ?.

ഈ ചോദ്യങ്ങൾ ഒരാളുടെ ജനനം മുതൽ മരണം വരെ അവന്റെ അന്തരാളത്തിൽ നിന്ന് പൊങ്ങി വന്ന് കൊണ്ടേയിരിക്കുന്നു. ഇവയ്ക്ക് സംതൃപ്തമായ മറുപടി മതത്തിൽ നിന്നല്ലാതെ ലഭിക്കുന്നില്ല. അതെ മതത്തിന് മാത്രമേ ഇതിനു മതിയായ മറുപടി നല്കാൻ സാധിക്കുകയുള്ളു.

ഈ ചോദ്യങ്ങൾക്കെല്ലാം ഇസ്‌ലാമിൽ വ്യക്തവും തൃപ്തികരവുമായ മറുപടിയുണ്ട് അതെ അവന്റെ പ്രകൃതിക്ക് യോജിച്ചതും മനസ്സിനിണങ്ങിയതും മനശ്ശാന്തി ലഭിക്കുന്നതുമായ മറുപടി. ഖുർആൻ കാണുക.

'ആകയാൽ (സത്യത്തിൽ) നേരെ നിലക്കൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ച് നിറുത്തുക, അല്ലാഹു മനുഷ്യനെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്' (റൂം: 30).

ബാഹ്യമായ ഇടപെടലുകൾ ഇല്ലായിരുന്നുവെങ്കിൽ മനുഷ്യൻ സ്വയമേ മുസ്‌ലിമായിത്തീരുമായിരുന്നു. ഇതാണ് ഒരു നബി വചനം സൂചിപ്പിക്കുന്നത്. 'ഓരോരുത്തരും പിറന്ന് വീഴുന്നത് സത്യദീൻ ഉൾക്കൊള്ളാനുള്ള പ്രകൃതത്തിലാണ്. അവനെ ജൂതനോ ക്രൈസ്തവനോ, അഗ്നിയാരാധകനോ ആക്കിമാറ്റുന്നത് അവന്റെ മാതാപിതാക്കളാണ്'.

മനുഷ്യ പ്രകൃതിയുടെ ഭാഷണം അവന്റെ ബുദ്ധിയുടെ തേട്ടം അവൻ സ്വയംഭൂ അല്ലെന്ന് തന്നെയാണ്. അവനെ താൻ തന്നെ സൃഷ്ടിച്ചതല്ലെന്നും അവന്നറിയാം. മാത്രമല്ല അവന്റെ ചുറ്റിലുമുള്ള ഒന്നിനേയും ആകാശത്തേയും ഭൂമിയേയും കേവലം ഒരു അണുവിനെ പോലും അവൻ സൃഷ്ടിച്ചിട്ടില്ലെന്ന ബോധം ഒരോ മനുഷ്യ പ്രകൃതിയും ഏറ്റു പറയുന്നുണ്ട്. വിശുദ്ധ ഖുർആൻ ശ്രദ്ധിക്കുക.

﴿ أَمْ خُلِقُوا۟ مِنْ غَيْرِ شَىْءٍ أَمْ هُمُ ٱلْخَـٰلِقُونَ ﴿٣٥﴾ أَمْ خَلَقُوا۟ ٱلسَّمَـٰوَٰتِ وَٱلْأَرْضَ ۚ بَل لَّا يُوقِنُونَ ﴿٣٦﴾ ﴾ (الطور : ٣٥ ، ٣٦)

'അതല്ല യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല" (ത്വൂർ: 35,36).

എങ്കിൽ വിസ്മയകരമായ മനുഷ്യനെ സൃഷ്ടിക്കാൻ ഒരു സ്രഷ്ടാവ് ഉണ്ടാവേണ്ടതുണ്ട്, ഈ പ്രവിശാല ലോകത്തേയും. സർവ്വജ്ഞാനിയും ധിഷണാശാലിയും കഴിവുറ്റവനും ഇച്ഛാനുസാരിയുമായ ഒരു സ്രഷ്ടാവ്. ആ സൃഷ്ടികർത്താവിനെ വിശുദ്ധ ഖുർആൻ പരിചയപ്പെടുത്തുന്നത് കാണുക.

'അവനാകുന്നു നിങ്ങളുടെ രക്ഷിതാവും എല്ലാ വസ്തുക്കളുടേയും സൃഷ്ടികർത്താവുമായ അല്ലാഹു. അവനല്ലാതെ യാതൊരു ദൈവവുമില്ല, എന്നിരിക്കെ എങ്ങിനെയാണ് (സന്മാർഗ്ഗത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്? അപ്രകാരം തന്നെയാണ് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചിരുന്നവർ (സന്മാർഗ്ഗത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്. അല്ലാഹുവാണ് നിങ്ങൾക്ക് വേണ്ടി ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേൽപ്പുരയുമാക്കിയവൻ. അവൻ നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. അവൻ നിങ്ങളുടെ രൂപങ്ങളെ മികച്ചതാക്കി. വിശിഷ്ട വസ്തുക്കളിൽ നിന്നവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തു. അവനാകുന്നു നിങ്ങളുടെ രക്ഷിതാവായ

അല്ലാഹു. അപ്പോൾ ലാകങ്ങളുടെ രക്ഷിതാവായ അല്ലാഹു അനുഗ്രഹ പൂർണ്ണനായിരിക്കുന്നു' (ഗാഫിർ: 62–64).

ഈ അത്യത്ഭുതമായ പ്രപഞ്ചത്തെ, അതിലെ ചരാചരങ്ങളെ, അതിലെ വിസ്മയ ജീവിയായ മനുഷ്യനെ സൃഷ്ടിച്ചതിന്റെ പിന്നിൽ സർവ്വ ശക്തനായ സ്രഷ്ടാവിന് വ്യക്തമായ ഒരു ലക്ഷ്യമുണ്ടായിരിക്കണമെന്ന് മനുഷ്യ ബുദ്ധി പറയുന്നു. ഖുർആൻ കാണുക.

'ആകാശങ്ങളും ഭൂമിയും അവക്കിടയിലുള്ളതും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല. ശരിയായ ഉദ്ദേശ്യത്തോടു കൂടി ത്തന്നെയാണ് നാം അവയെ സൃഷ്ടിച്ചത്. പക്ഷെ, അവരിൽ അധിക പേരും അറിയുന്നില്ല' (ദുഖാൻ: 38,39).

മനുഷ്യ ബുദ്ധിയുടെ തേട്ടവും അവന്റെ ഉൾവിളിയും ഈ മഹാ പ്രപഞ്ച സൃഷ്ടിപ്പിന്റെ പിറകിൽ ഒരു മഹത്തായ ലക്ഷ്യമുണ്ട് എന്നാകുമ്പോൾ എന്താണത്? അത്ര മാത്രം ഗാഢമായ ചിന്ത കൂടാതെ തന്നെ അവന്റെ ബുദ്ധി പറയുന്നു. തീർച്ചയായും മനുഷ്യ സൃഷ്ടിപ്പിൽ ഒരു സന്ദേശമടങ്ങിയിട്ടുണ്ടെന്ന്. അഥവാ ഹ്രസ്വ നശ്വരമായ ഈ ജീവിതം മാത്രം ഒരിക്കലും ഈ അത്ഭുത സൃഷ്ടിയുടെ ജീവിത ലക്ഷ്യമാവാനിടയില്ല മാത്രമല്ല നന്മക്ക് പ്രതിഫലവും തിന്മക്ക് ശിക്ഷയും ലഭിക്കേണ്ടതുണ്ട്. ലക്ഷങ്ങളെ കൊന്നൊടുക്കിയ ക്രൂരനും സഹജീവികൾക്ക് സംരക്ഷണവും സേവനവും ചെയ്ത ശുദ്ധാത്മാവും സമന്മാരാകാൻ പാടില്ല. അക്രമിക്ക് തക്ക ശിക്ഷ ലഭിച്ചേ തീരൂ, പുണ്യവാളന് രക്ഷയും. അത് സാധ്യമാവാൻ ഇതിനപ്പുറം ഒരു ജീവിതം വേണം ആ ശാശ്വത ജീവിതത്തിലേക്കാണ് മനുഷ്യ ബുദ്ധി വിരൽ ചൂണ്ടുന്നത്. പാരത്രിക ജീവിതമാണ് ഈ

സൃഷ്ടിപ്പിന്റെ പരമോന്നത ലക്ഷ്യമെന്നതിലേക്ക് വിശുദ്ധ ഖുർ ആൻ പ്രഖ്യാപിക്കുന്നു:

'ആകാശവും ഭൂമിയും അവക്കിടയിലുള്ളതും നാം നിരർത്ഥകമായി സൃഷ്ടിച്ചതല്ല, സത്യനിഷേധികളുടെ ധാരണയത്രെ അത്. ആകയാൽ സത്യനിഷേധികൾക്ക് നരക ശിക്ഷയാൽ മഹാനാശം. അതല്ല, വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരെപ്പോലെ നാം ആക്കുമോ? അതല്ല, ധർമ്മ നിഷ്ഠ പാലിക്കുന്നവരെ ദുഷ്ടന്മാരെപ്പോലെ നാം ആക്കുമോ?' (സ്വാദ്: 27,28).

﴿ أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لَا تُرْجَعُونَ ﴾ (المؤمنون : ١١٥)

'അപ്പോൾ നാം നിങ്ങളെ വ്യഥാ സൃഷ്ടിച്ചതാണെന്നും നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കയാണോ' (മുഅ്മിനൂൻ: 115).

മനുഷ്യ പ്രകൃതിയും ബുദ്ധിയും തിരിച്ചറിഞ്ഞ ഒരു സത്യമുണ്ട് അഥവാ ജീവിക്കാനും അനുഭവിക്കാനും ആവശ്യമായ സകലതും അണിയിച്ചൊരുക്കി ഈ പ്രപഞ്ചത്തെ സംവിധാനിച്ച, എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകി കടാക്ഷിച്ച മഹാനായ സൃഷ്ടികർത്താവിനോട് മനുഷ്യന് കടപ്പാടുണ്ട് എന്നതാണ് ആ സത്യം. അഥവാ അവനെ മനസ്സിലാക്കണം നന്ദി ചെയ്യണം അനുസരിക്കണം അവനെ മാത്രം ആരാധിക്കണം ദൈവനിഷേധിയോ നന്ദികെട്ടവനോ അനുസരിക്കാത്തവനോ ദൈവത്തോട് മറ്റു വസ്തുക്കളെ പങ്ക് ചേർക്കുന്നവനോ ആകാൻ പാടില്ല. വിശുദ്ധ ഗ്രന്ഥം പറയുന്നത് ശ്രദ്ധിക്കുക.

'ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ,

നിങ്ങൾ ദോഷബാധയെ സൂക്ഷി(ച്ച് ജീവി)ക്കുവാൻ വേണ്ടി യത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപ്പുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞ് തന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ച് തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത് (ബഖറ: 21,22)

ഈ ലോകത്തെ സൃഷ്ടിച്ചതിൽ വിശിഷ്യാ മനുഷ്യൻ ജിന്ന് എന്നീ വിഭാഗങ്ങളെ സൃഷ്ടിച്ചതിലുള്ള ലക്ഷ്യമെന്തെന്നത് ഖുർആൻ വിവരിക്കുന്നു.

'അല്ലാഹുവാകുന്നു ഏഴ് ആകാശങ്ങളും ഭൂമിയിൽ നിന്ന് അവക്ക് തുല്യമായതും സൃഷ്ടിച്ചവൻ. അവയ്ക്കിടയിൽ (അവന്റെ) കല്പന ഇറങ്ങുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു എന്നും ഏത് വസ്തുവേയും ചൂഴ്ന്ന് അറിയുന്നവനായിരിക്കുന്നു എന്നും നിങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി.'(ത്വലാഖ്: 12)

﴿ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ مَآ أُرِيدُ مِنْهُم مِّن رِّزْقٍ وَمَآ أُرِيدُ أَن يُطْعِمُونِ ﴿٥٧﴾ ﴾ ( الذاريات : ٥٦ ، ٥٧ )

'ജിന്നുകളേയും മനുഷ്യരേയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല' (ദാരിയാത്ത്: 56,57)

ഈ ഖുർആനിക വിളംബരം ശ്രവിച്ച് സത്യവിശ്വാസി തന്റെ ഉണ്മയുടെ രഹസ്യത്തെ തിരിച്ചറിയുന്നു, പ്രപഞ്ചത്തിന്റെയും. അത് നിമിത്തം മഹാനായ സ്രഷ്ടാവിനെ മനസ്സിലാക്കുന്നു. എല്ലാ നിഗൂഢതകളും വകഞ്ഞു മാറ്റി നന്മയുടെ മാർഗ്ഗം സ്വീകരിക്കുന്നു. ലോകം ദൈവ രാജ്യമാണെന്നും അതിലെ സകലതും ദൈവാനുഗ്രഹമാണെന്നും അവൻ തിരിച്ചറിയുന്നു.

ദൈവ ഭൂവിൽ ദൈവ പ്രതിനിധിയായ മനുഷ്യൻ ദൈവാജ്ഞക്കനുസൃതമായി ജീവിക്കേണ്ടതുണ്ട്. ദൈവം അവനിലേൽപ്പിച്ച അമാനത്ത് കാത്തു സൂക്ഷിക്കാൻ ബാധ്യസ്ഥനാണവൻ. ജീവിതം ദൈവ കാരുണ്യമാണ്, മരണം ദൈവ വിധിയും. ദൈവാരാധനയാണ് ഈ ജീവിതത്തിന്റെ പരമ ലക്ഷ്യം. അതിന്റെ ഫലം ലഭിക്കുക പരലോകത്തും. ദൈവമാർഗ്ഗം അവലംബിച്ചു ജീവിക്കുന്നവൻ വിജയിയും ധിക്കരിക്കുന്നവൻ പരാജിതനുമാണ്.

ഈ നശ്വരഭൂമിയിൽ മനുഷ്യന്റെ ഉത്തരവാദിത്തം ശാശ്വത ജീവിതത്തിലേക്കുള്ള പാഥേയമൊരുക്കലാണ്. മരണമാകുന്ന വാതായനം കടന്നപ്പുറമെത്തിയാൽ പാരത്രിക ജീവിതത്തിന്റെ തുടക്കമായി.

ആയുഷ്ക്കാലം മുഴുവനും ഭൗതിക ഫിലോസഫിയിൽ എരിഞ്ഞമർന്നിട്ടും ഉത്തരം ലഭിക്കാത്ത, മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്ന ചോദ്യങ്ങൾക്ക് ഒരു സത്യവിശ്വാസി എളുപ്പം ഉത്തരം കണ്ടെത്തുന്നു. അഥവാ അവൻ ആരാണ്? എവിടെ നിന്നു വന്നു?, എന്തിന്, എങ്ങോട്ടേക്കാണ് പുറപ്പാട്?, എന്തിനാണീ ജീവിതം?, എന്തിനാണീ മരണം?, അതിനു ശേഷമെന്ത്? എന്നിത്യാതി കുഴക്കുന്ന ചോദ്യങ്ങൾക്ക് ഒരിക്കലും പിഴക്കാത്ത, മറവിയില്ലാത്ത സ്രോതസ്സിൽ നിന്ന് അതെ ദിവ്യ ഉൽ

ബോധനത്തിൽ നിന്നവൻ ഉത്തരം കണ്ടെത്തിയിരിക്കുന്നു. തന്റെ ഉൺമയുടെ രഹസ്യം രാജാധി രാജനിൽ നിന്ന് ലബ്ധ മായതോടെ അവൻ നേരെ ചൊവ്വെയുള്ള മാർഗ്ഗത്തിൽ എത്തി പ്പെട്ടിരിക്കുന്നു.

ഭൗതിക വാദി മരണ വേളയിൽ വിലപിക്കുന്ന രംഗം ഒരു കവി ഉദ്ദരിക്കുന്നത് കേൾക്കുക.

'മരണം ആസന്നമായിരിക്കുന്നു...

പുറപ്പാടിന് ഇനി ഒട്ടും താമസമില്ല.

എങ്ങോട്ടേക്കാണെന്റെ ഈ യാത്ര?

ഈ ദേഹത്തോട് വിട പറഞ്ഞ് കൊണ്ട്

ആത്മാവ് എവിടേ ക്കാണ് പോവുന്നത്?

ഈ ശരീരം മണ്ണിലെ കൃമികീടങ്ങളുടെ ഭക്ഷണ

മാവുമ്പോൾ ആത്മാവിന്റെ അവസ്ഥ എന്തായിരിക്കും?

സത്യവിശ്വാസിക്ക് ഇതിന് വ്യക്തമായ ഉത്തരമുണ്ട്. ഖുർആൻ അത് വ്യക്തമാക്കുന്നു.

﴿ إِنَّ ٱلْأَبْرَارَ لَفِى نَعِيمٍ ، وَإِنَّ ٱلْفُجَّارَ لَفِى جَحِيمٍ ﴾ ( الإنفطار : ١٣ ، ١٤ )

'തീർച്ചയായും സുകൃതവാൻമാർ സുഖാനുഭവത്തിൽ തന്നെ യായിരിക്കും. തീർച്ചയായും ദുർമാർഗ്ഗികൾ ജ്വലിക്കുന്ന നര കാഗ്നിയിൽ തന്നെയായിരിക്കും' (ഇൻഫിത്വാർ: 13,14)

''ബുദ്ധിയും പ്രകൃതിയും അംഗീകരിക്കുന്നത് മാത്രമാണ് നേരായ മതം പഠിപ്പിക്കുന്നത്. ബുദ്ധിക്ക് ഉൾക്കൊള്ളാനാവാ ത്തതൊന്നും മതത്തിന്റെ ഉൽബോധനങ്ങളായിട്ടുണ്ടാവുന്നതല്ല.

പ്രകൃതി ദ്യോതിപ്പിക്കുന്നത് മതം വ്യക്തമാക്കുകയാണ് ചെയ്തത്. ബുദ്ധി ചിന്തിച്ചനുമാനിച്ചത് മതം തെളിവ് നിരത്തി സംശയങ്ങൾ ദൂരീകരിച്ച് സ്ഥിരീകരിക്കയാണ് ചെയ്തിട്ടുള്ളത്.

മതം മനുഷ്യ പ്രകൃതിയോടാണ് സംസാരിക്കുന്നത്. അത് കേവലം ചിന്തകളോ അനുഭൂതികളോ മാത്രമല്ല മറിച്ച് ഇവ രണ്ടും കൂടി ചേർന്ന സങ്കരമാണ്. അവയോടാണ് മതത്തിന്റെ ഉൽബോധങ്ങൾ. ബുദ്ധിയേയും മനസ്സിനേയുമാണ് മതം സമീപിക്കുന്നത്. മതത്തിന്റെ ശാസനകൾ ബുദ്ധികൊണ്ട് മാത്രം ചിന്തിച്ച് കണ്ടെത്താവതല്ല. കാരണം ബുദ്ധി വൈവിധ്യമായ മാർഗ്ഗേണയാണ് സഞ്ചരിക്കുക അതിനെ നേർ രേഖയിലൂടെ നയിക്കാൻ മനസ്സാക്ഷിയുടേയും അനുഭവ ജ്ഞാനത്തിന്റെയും സഹായം ആവശ്യമാണ്. അതോടൊപ്പം ദിവ്യബോധനത്തിന്റെ നിർദ്ദേശങ്ങളും കൂടിയേ തീരൂ. മറിച്ച് ബുദ്ധിയെ മാത്രമാശ്രയിക്കുമ്പോൾ വിനാശത്തിലായിരിക്കും എത്തിച്ചേരുക.

മനുഷ്യ ബുദ്ധി അതെത്ര കൂർമ്മതയുള്ളതും പരീക്ഷണ നിരീക്ഷണങ്ങളാൽ പരിപക്വവുമാണെങ്കിൽക്കൂടി അതിന് കണ്ടെത്താനാകുന്നതിന് പരിമിതികളുണ്ട്. കാരണം അത് സ്ഥലകാല ചുറ്റുപാടുകൾക്കും പൈതൃകത്തിനും വിധേയമാണ്. ബുദ്ധി ചിന്തിച്ചെത്തുന്ന വഴിയിൽ പിഴവുകളും അപര്യാപ്തതകളും സംഭവിക്കുക സ്വാഭാവികമാണ്. അപ്പോൾ ബുദ്ധിയെ സ്വതന്ത്രമായി നേരെ ചൊവ്വേ നയിക്കാൻ ഒരു വഴി കാട്ടി അത്യന്താപേക്ഷിതമാണ്. ആ ധർമ്മമാണ് ദിവ്യബോധനത്തിലൂടെ നിർവ്വഹിക്കപ്പെടുന്നത്. മതത്തിന്റെ അടിസ്ഥാന ശിലയും ആ ദിവ്യബോധനമത്രെ. മനുഷ്യ ബുദ്ധിക്കെത്തിപ്പെടാൻ കഴിയാത്ത മേഖലകളിലേക്ക് ദിവ്യബോധനം വഴി നടത്തുന്നു. ഈ പ്രപഞ്ചത്തിന്റെ തുടക്കത്തെപ്പറ്റി, അതിന്റെ ഒടുക്കത്തെപ്പറ്റി, അതിന്റെ സ്രഷ്ടാവിന്റെ വൈശിഷ്ട്യങ്ങളെപ്പറ്റിയെല്ലാം കേവലം ചിന്ത കൊണ്ട് മാത്രം എത്തിച്ചേരാൻ കഴിയുന്ന മേഖലകളല്ല. പലപ്പോഴും ഇത്തരം കാര്യങ്ങളിലുള്ള

ചിന്തകൾ കാടുകയറുകയും അസ്വീകാര്യമായ നിഗമനങ്ങൾ നടത്തുകയും ചെയ്യാനിടം വരുത്തുന്നു. വിനാശമാണ് തൽ ഫലമായുണ്ടാവുക. ഇവിടെയാണ് ദിവ്യവെളിപാടിന്റെ ആവ ശ്യം നാം കണ്ടറിയുന്നത്. തന്നെപ്പറ്റി, താൻ ജീവിക്കുന്ന ലോക ത്തെപ്പറ്റി, അതിലെ ചരാചരങ്ങളുടെ ഉൽഭവത്തെപ്പറ്റി ചിന്തി ക്കുന്നതിന് കേവലം ബുദ്ധിയെ മാത്രം ആശ്രയിക്കുന്നവൻ അറ്റ മില്ലാത്ത മരുഭൂമിയിൽ നട്ടം തിരിയുന്നവനെപ്പോലെ മരീചിക കണ്ട് വെള്ളമാണെന്ന് കരുതി ഓടിയടുക്കുകയും നിരാശനാ യി തളർന്ന് വീഴുകയും ചെയ്യുന്നവന്റെ അവസ്ഥ, ആഴക്കട ലിൽ നീന്തിത്തളർന്ന് ആണ്ടുപോവുന്നവന്റെ അവസ്ഥ അതാ ണുണ്ടാവുക. വിശുദ്ധ ഖുർആൻ ഉപമിച്ചത് കാണുക:

'അല്ലെങ്കിൽ ആഴക്കടലിലെ ഇരുട്ടുകൾ പോലെയാകുന്നു (അവരുടെ പ്രവർത്തനങ്ങളുടെ ഉപമ). തിരമാല അതിനെ (കട ലിനെ) പൊതിയുന്നു. അതിനു മീതെ വീണ്ടും തിരമാല. അതിനു മീതെ കാർമേഘം. അങ്ങനെ ഒന്നിനു മീതെ മറ്റൊന്നായി അനേ കം ഇരുട്ടുകൾ. അവന്റെ കൈ പുറത്തേക്ക് നീട്ടിയാൽ അത് പോലും അവൻ കാണുമാറാകില്ല. പ്രകാശം നൽകിയിട്ടില്ലാ ത്തവന് പ്രകാശവുമില്ല' (നൂർ: 40)

"പുരാതനരും ആധുനികരുമായ ചിന്തകൻമാർ ഭൗതിക മാന ത്തിലൂടെ പ്രപഞ്ച സൃഷ്ടിപ്പിലെ രഹസ്യത്തെ അനാവരണം ചെയ്യാനും മാനവന്ന് മനശ്ശാന്തി ലഭിക്കാനുള്ള ഉപാധികൾ കണ്ടെ ത്താനും ഗവേഷണ പഠനങ്ങൾ നടത്തിയെങ്കിലും സംതൃപ്ത മായ പരിഹാരം കണ്ടെത്താനാവാതെ നിരാശ പൂർവ്വം കൈ മലർത്തിയ സംഭവങ്ങളാണുണ്ടായിട്ടുള്ളത് .

ഇവ്വിഷയകമായി പ്രസിദ്ധ ചിന്തകനും ഗ്രന്ഥകർത്താവുമായ ഇമാം ഫഖ്റുദ്ദീൻ അൽ റാസി എഴുതിയത് വളരെ ചിന്താർ

ഹമാണ്. അഥവാ പൂർവ്വീകരും പിൻഗാമികളുമായി അറിയ പ്പെടുന്ന ഒട്ടനേകം തത്വചിന്തകരുടെ പഠനങ്ങളും നിഗമന ങ്ങളും പഠനവിധേയമാക്കുകയും, ഫിലോസഫിയും ഇൽമുൽ കലാമും ആഴത്തിൽ പഠിക്കുകയും അതിലൂടെ ഗവേഷണ ങ്ങൾ നടത്തുകയും ചെയ്തു. പക്ഷേ എന്റെ അന്വേഷണ ങ്ങൾക്ക് സംതൃപ്തമായ മറുപടി നൽകാനോ എന്റെ മാനസി ക വ്യഥക്ക് ശാന്തിയേകാനോ അവക്ക് കഴിഞ്ഞില്ല. വിശുദ്ധ ഖുർആനിന്റെ പാതയിലൂടെ എന്റെ ചിന്താധാര തിരിച്ചു വിട്ട പ്പോൾ സംതൃപ്തമായ മറുപടി ലഭിച്ചു. എന്റെ ചിന്താ മാർഗ്ഗങ്ങ ളവലംബിച്ചവനാരോ അവർക്കും എന്റെ അനുഭവം തന്നെ ഉണ്ടാവുന്നതാണ്. ഒരു കവിത ഇങ്ങനെ കാണാം:

അറിവിന്റെ വാതായനങ്ങളിലെല്ലാം ഞാൻ മുട്ടി,
ഉലകത്തിന്റെ ഉൺമയെ തേടി ഞാൻ ചുറ്റി,
ഉള്ളം കൈയിൽ താടി താങ്ങിയ
പരിഭ്രമിയാണു ഞാൻ, സ്വന്തം
പല്ലിന് മുട്ടികൊണ്ടിരിക്കുന്ന ദു:ഖിതൻ,
ഇത് മാത്രമായി ഞാൻ മാറി.

ജീവിതം മുഴുവൻ തത്വചിന്തകളിൽ തുലച്ച് അവസാനം ഒരിത്തിരി സമാധാനത്തിന്നായി കൊതിച്ച് മരിച്ച തത്വചിന്തക രുടെ കഥ അനേകങ്ങളാണ്. പകലന്തിയില്ലാതെ ചിന്തയിൽ മുഴുകി മനുഷ്യ നിർമിത ഫിലോസഫിയിലൂടെ സമാധാനം അന്വേഷിച്ചുനടക്കുന്നവർ, ഉത്തരം ലഭിക്കാതെ വിറളി പിടിച്ചു നടക്കുന്ന ഇത്തരം ബുദ്ധിജീവികളുടെ അവസ്ഥ വളരെ ദയ നീയം തന്നെ.

മനശ്ശാന്തി ലഭിക്കാനുള്ള എളുപ്പമാർഗ്ഗം ഒരിക്കലും പിഴവു കൾ സംഭവിക്കാത്ത ദിവ്യബോധനം അവലംബിക്കുകയാണെ

ന്ന് അവസാനമായി അവർ കണ്ടെത്തുകയാണ്. അതാണ് യാഥാർത്ഥ്യവും. ഖുർആൻ ശ്രദ്ധിക്കുക:

'ആകയാൽ നിനക്ക് ബോധനം നൽകപ്പെട്ടത് നീ മുറുകെപ്പിടിക്കുക. തീർച്ചയായും നീ നേരായ പാതയിലാകുന്നു' (സുഖ്റുഫ്: 43).

﴿ فَتَوَكَّلْ عَلَى ٱللَّهِ إِنَّكَ عَلَى ٱلْحَقِّ ٱلْمُبِينِ ﴾ ( النمل : ٧٩ )

'അതിനാൽ നീ അല്ലാഹുവെ ഭരമേൽപ്പിച്ചുകൊള്ളുക. തീർച്ചയായും നീ സ്പഷ്ടമായ സത്യത്തിൽ തന്നെയാകുന്നു' (നംല്: 79).

വ്യക്തമായ സത്യം. അതെ, സംശയങ്ങളില്ലാത്ത, വ്യത്യസ്ത അഭിപ്രായങ്ങൾക്ക് ഇടം നൽകാത്ത, തെളിവ് സഹിതം തിരിച്ചറിയപ്പെട്ട, പകൽ വെളിച്ചം പോലെ തെളിമയാർന്ന സിദ്ധാന്തം. അതാണ് 'ഹഖുൽ മുബീൻ'.

താൻ നേരായ മാർഗ്ഗത്തിലും കലർപ്പില്ലാത്ത സത്യത്തിലുമാണെന്ന തിരിച്ചറിവ് ഒരു സത്യവിശ്വാസിക്കല്ലാതെ ലഭ്യമല്ല. അത് ദൈവീക വെളിപാടാണ്. ഈ ദിവ്യ വെളിപാട് ലഭിക്കാത്തവനെ പറ്റി വിശുദ്ധ ഖുർആൻ ഉദാഹരിച്ചത് കാണുക.

'പിശാചുക്കൾ തട്ടിത്തിരിച്ചു കൊണ്ടുപോയിട്ട് ഭൂമിയിൽ അന്ധാളിച്ച് കഴിയുന്ന ഒരുത്തനെപ്പോലെ. ഞങ്ങളുടെ അടുത്തേക്ക് വരൂ എന്ന് പറഞ്ഞുകൊണ്ട് അവനെ നേർ വഴിയിലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്ന ചില കൂട്ടുകാരുണ്ട് അവന്ന്. പറയുക, അല്ലാഹുവിന്റെ മാർഗ്ഗ ദർശനമാണ് യഥാർത്ഥ മാർഗ്ഗ ദർശനം' (അൻആം: 71)

പ്രപഞ്ച രഹസ്യങ്ങളുടെ ഉള്ളറകളെ അനാവരണം ചെയ്യാൻ ദിവ്യസന്ദേശങ്ങളെ പിന്തുടരുക മാത്രമാണ് ഏകമാർഗ്ഗം. മറ്റുള്ളവ കേവലം നിഗമനങ്ങളാണ്. മനസ്സമാധാനവും ജീവിത വിജയവും നൽകാനാവാത്ത നിഗമനങ്ങൾ മാത്രം.

ദിവ്യ ബോധനമവലംബിക്കുന്ന സത്യവിശ്വാസിയുടെ മനസ്സ് ചാഞ്ചല്യപ്പെടാത്തതും സുദൃഢവും ആത്മനിർവൃതിയുള്ളതും ആയിരിക്കും.

പൂർവ്വ പണ്ഡിത ശ്രേഷ്ടരുടെ മൊഴികൾ കൊണ്ടുള്ള വിവക്ഷയും ഇത് തന്നെയാണ്. അഥവാ, മനസ്സിനെ മൂടിക്കിടക്കുന്ന മറ ദിവ്യവെളിപാടിനാൽ നീക്കം ചെയ്യപ്പെടുന്നു. ഉൺമയുടെ രഹസ്യം തൊട്ടറിയുന്നു. നഗ്ന നേത്രങ്ങൾ കൊണ്ടെന്ന പോലെ എല്ലാം മനസ്സിനുള്ളിൽ രൂപപ്പെടുന്നു. പിന്നെ അലട്ടുന്ന പ്രശ്നങ്ങളില്ല ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമില്ല. അവൻ പൂർണ്ണ സംതൃപ്തനാകുന്നു. സ്വർഗ്ഗ നരകങ്ങൾ കണ്ടു എന്ന് ചിലർ പറഞ്ഞതായി കാണാം. എങ്ങനെ എന്ന ചോദ്യത്തിന് പറഞ്ഞ മറുപടി ശ്രദ്ധിക്കുക. സ്വർഗ്ഗ നരകങ്ങൾ പ്രവാചകൻ (സ) കണ്ടുവെന്ന് പറഞ്ഞു. പ്രവാചകൻ കാണുകയെന്നതാണ് ഞാനെന്റെ ഇരു കണ്ണ് കൊണ്ട് കാണുന്നതിനേക്കാൾ എനിക്കുറപ്പ് തരുന്നത്. കാരണം എന്റെ കാഴ്ച ചിലപ്പോൾ യഥാർത്ഥമാവാതിരിക്കാം. പ്രവാചകന് അതൊരിക്കലും ഉണ്ടാവുകയില്ല.

ദിവ്യദർശനത്തിലുള്ള ആഴത്തിലുള്ള വിശ്വാസം നിമിത്തം സത്യവിശ്വാസിക്ക് മാനസികമായി പരിപൂർണ്ണ ശാന്തത ലഭിക്കുന്നു. കാരണം അത് മനുഷ്യ ബുദ്ധിയുടെയും പ്രകൃതിയുടെയും തേട്ടത്തിനനുസരിച്ചുള്ളതാണ്. ഒരു തുറന്ന പുസ്തകം കണക്കെയുള്ള ഈ പ്രപഞ്ചത്തിലെ സകല വസ്തുക്കളും അതിനെ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. ആത്മ സംതൃപ്തിയും മനശ്ശാന്തിയും ദൈവ നിഷേധിക്കോ മത നിഷേധിക്കോ ലഭ്യമല്ല. അത് മുഅ്മിനിന് മാത്രം ലഭിക്കുന്ന ഒരു ദിവ്യാനുഗ്രഹമാണ്.

ദിവ്യ വെളിപാടിൽ നിന്ന് സത്യവിശ്വാസി അവന്റെ ഉൽഭവത്തെ, അവന്റ ചുറ്റുമുള്ള വസ്തുക്കളുടെ ഉൽഭവത്തെ, ഈ പ്രപഞ്ചത്തിന്റെ ഉൽഭവത്തെ മനസ്സിലാക്കുന്നു. ഇവയുടെ ഒടുക്കവും ഇവ കൊണ്ടുള്ള ലക്ഷ്യവും എന്താണെന്ന് അവൻ അറിയുന്നു. ആയതുകൊണ്ടുതന്നെ ചിന്തിച്ച് പരിഭ്രമിയാവുകയോ തീരാസംശയങ്ങളിൽ കുടുങ്ങി വിഭ്രാന്തിയിൽ അകപ്പെടുകയോ ചെയ്യാൻ ഇടവരുന്നില്ല.

അവനെ സൃഷ്ടിച്ച ഒരു നാഥനുണ്ടെന്ന് അവൻ മനസ്സിലാക്കി. ഈ പ്രപഞ്ചത്തിലെ സകലത്തിനെയും കീഴ്പ്പെടുത്താൻ മാത്രം ബുദ്ധിയും ശക്തിയും കഴിവും നൽകി, അതുല്യവും മനോഹരവുമായ രൂപത്തിൽ അവനെ സൃഷ്ടിച്ചിരിക്കുന്ന നാഥൻ. അവന്റെ സർവ്വത്ര കാര്യങ്ങളും നിയന്ത്രിക്കുന്നത് ആ നാഥനാണെന്നവൻ അറിഞ്ഞു. വായു, വെള്ളം, വെളിച്ചം, ജീവൻ, മരണം എല്ലാം ആ നാഥന്റെ ഇംഗിതത്തിനനുസരിച്ചാണ് അവന് ലഭിക്കുന്നതെന്നതും അവനുൾക്കൊണ്ടു. ആ സ്രഷ്ടാവിലേക്കവൻ സർവ്വസ്വവും ഏൽപ്പിച്ചു. എല്ലാം അവനിലേൽപ്പിച്ചുകൊണ്ട് സത്യവിശ്വാസി പരിപൂർണ്ണ സ്വതന്ത്രനും സംതൃപ്തനുമായിക്കഴിയുന്നു. ഭൗതിക ജീവിതം സുഖദുഃഖ സമ്മിശ്രമാണ്. നീതിയും അനീതിയും സത്യവും അസത്യവും സന്തോഷവും സന്താപവും ഈ ജീവിതത്തിലെ അനുഭവങ്ങളാണ്. ഉൽകൃഷ്ടനായ മനുഷ്യന്റെ ജീവിതം ഹ്രസ്വകാലയളവിൽ എരിഞ്ഞമരുകയെന്നത് അചിന്തനീയമാണ്. സുകൃതം ചെയ്തവന് പ്രതിഫലം ലഭിക്കേണ്ടതുണ്ട്. കൊടും ക്രൂരത കാട്ടിയവന് തക്ക ശിക്ഷയും. അനീതിക്കും അസമത്വത്തിനും ഇരയായവന് നീതിയും സമത്വവും നിഷേധിക്കപ്പെടാൻ പാടുള്ളതല്ല. ദുഃഖത്തിലാപതിച്ചവന് സന്തോഷവും

പീഢനത്തിനിരയായവന് നീതിയും ലഭിച്ചേതീരൂ. ഇത് മനുഷ്യ ബുദ്ധിയുടെ തേട്ടമാണ്. ഇവിടെ ദിവ്യവെളിപാട് അവന് ആശ്വാസം നൽകുന്നു. ഈ ജീവിതം ശാശ്വത ജീവിതത്തിനിട യിലുള്ള ഒരു വിശ്രമ കേന്ദ്രം മാത്രമാണ്. മരണമാണ് ശാശ്വത ജീവിതത്തിലേക്കുള്ള കവാടം. ഇതാണ് ഒരു മുഅ്മിനിന്റെ വിശ്വാസം. ഈ വിശ്വാസമാണ് അവന് മനശ്ശാന്തി നൽകുന്നത്.

അൽഭുത സൃഷ്ടിയായ മനുഷ്യനെ വൃഥാ സൃഷ്ടിക്കപ്പെട്ട താണെന്ന് കരുതുന്നത് മൗഢ്യമാണ്. അവനെ സൃഷ്ടിച്ചതിൽ മഹത്തായ ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യമെന്താണെന്നറിയി ക്കാനാണ് ദൈവദൂതന്മാർ അയക്കപ്പെട്ടത്. തിന്മയിൽ നിന്ന് നന്മയിലേക്കും, അസത്യത്തിൽ നിന്ന് സത്യത്തിലേക്കും, അനീ തിയിൽ നിന്ന് നീതിയിലേക്കും മനുഷ്യരെ അവർ നയിച്ചു. സൃഷ്ടിക്കപ്പെട്ടതിന്റെ മഹത്തായ ലക്ഷ്യം സൃഷ്ടികർത്താവി നെ അറിയുകയും അവന് കീഴ്പ്പെട്ട് ജീവിക്കലുമാണെന്ന വർ ഉൽബോധിപ്പിച്ചു. ഈ മഹത്തായ ലക്ഷ്യസാക്ഷാത്ക്കാര ത്തിലൂടെ പരലോക മോക്ഷം ലഭിക്കുന്നതാണെന്നും മനുഷ്യ രെ അവർ ബോധവാന്മാരാക്കുകയും ചെയ്തു. സത്യവിശ്വാസം മനുഷ്യനെ അന്യതാബോധത്തിൽ നിന്നും അകറ്റുന്നു. ലോക ത്തിലെ ഒന്നിൽ നിന്നും അവൻ അന്യനല്ല എല്ലാം അവന്റെ സഹസൃഷ്ടികളാണ് സൃഷ്ടികർത്താവിനെ അനുസരിക്കുന്ന സൃഷ്ടിജാലങ്ങൾ. സ്ത്രോത്രങ്ങളും പ്രകീർത്തനങ്ങളും പ്രണാ മങ്ങളും സ്രഷ്ടാവിന് സമർപ്പിക്കുന്ന സമസൃഷ്ടികൾ.

'അവന്റെ പരിശുദ്ധയെ പ്രകീർത്തിക്കുന്നു. യാതൊരു വസ് തുവും അവനെ പ്രകീർത്തിച്ചുകൊണ്ട് (അവന്റെ) പരിശുദ്ധി യെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷെ അവരുടെ കീർത്തനം

നിങ്ങൾ ഗ്രഹിക്കുകയില്ല. തീർച്ചയായും അവൻ സഹന ശീലനും ഏറെ പൊറുക്കുന്നവനുമാകുന്നു' (ഇസ്റാഅ്: 44).

വിശ്വാസിക്ക് മാത്രമേ ഈ സമസൃഷ്ടിബോധവും അത് നിമിത്തം ഒരുമയുടെ നാദവും ഉണ്ടാവുകയുള്ളു.

ദൈവ വിശ്വാസമില്ലാത്ത, പരലോക ജീവിതത്തെപ്പറ്റി ബോധ മില്ലാത്ത മനുഷ്യന്റെ ജീവിതം അസമാധാനം നിറഞ്ഞതും ലക്ഷ്യ ബോധമില്ലാത്തതുമാണ്. കാരണം എവിടന്ന് എന്തിന് വന്നു വെന്ന ചോദ്യത്തിന് അവർക്കുത്തരമില്ല. ഇനി എങ്ങോട്ട് എന്ന തവർക്ക് ദുരൂഹത നിറഞ്ഞതാണ്. ജീവിതത്തിന്റെ തുടക്ക വും ഒടുക്കവും ലക്ഷ്യവും മനസ്സിലാക്കാൻ കഴിയാത്ത ഹത ഭാഗ്യവാനാണവൻ.

ബുദ്ധിയുടെയും ചിന്തയുടെയും പരിമിതികൾക്കപ്പുറത്താ ണ് ഈ മണ്ഡലം. ചിന്തകൾ ചിലപ്പോൾ എത്തിപ്പെട്ടേക്കാമെ ങ്കിലും അത് ദൃഢീകരിക്കാനോ ഉറപ്പിച്ചു പറയാനോ സാധി ക്കാതെ കുഴങ്ങുന്നതായി കാണാവുന്നതാണ്. ഇതവനെ കൂടു തൽ കൂടുതൽ പരിഭ്രമിയാക്കുന്നു.

കാറ്റിനിടയിൽപ്പെട്ട തൂവൽ കണക്കെ എങ്ങും നിലക്കാ ത്ത ചിന്തകളുമായി അവന്റെ മനസ്സ് ചാഞ്ചാടിക്കൊണ്ടേയിരി ക്കുന്നതാണ്.

ഇറാഖിലെ പ്രസിദ്ധനായ ഒരു കവിയുടെ വിലാപ ത്തിന്റെ സാരം ശ്രദ്ധിക്കുക:

'സദാ കറങ്ങിക്കൊണ്ടിരിക്കുന്ന സൗരയൂഥങ്ങളേ, നിങ്ങളുടെ സ്രഷ്ടാവിലേക്കെത്താൻ എനിക്ക് കഴിയുമോ? അതോ പിഴ ച്ചുപോകുമോ? ഈ അൽഭുത പ്രപഞ്ചത്തിന്റെ സൃഷ്ടികർ ത്താവിനെ മനസ്സിലാക്കുക എന്നതല്ലാതെ ഇതിനെ സൃഷ്ടിച്ച തിന്റെ പിന്നിലുള്ള ചേതോവികാരമെന്താണ്? തന്നോട് ആലോചി

ക്കുകയോ തന്റെ ഇച്ഛാനുസൃതമോ അല്ലാതെ മാതാപിതാക്കളുടെ കേവലം ലൈംഗിക വേഴ്ചയിൽ ജന്മം കൊണ്ട ഞാനാകുന്ന സൃഷ്ടി യഥാർത്ഥ ലോകം സാക്ഷാത്ക്കരിച്ചില്ലെങ്കിൽ എന്തു മാത്രം നീചമാണ്. ഇല്ലാതിരിക്കലായിരുന്നല്ലോ അതിലും ഭേദം'.

ഉമർ ഖയ്യാം പാടി:

'ഞാനറിയാതെ ഞാൻ പിറന്നു
അറ്റമില്ലാത്ത ആലോചനകളാൽ മനസ്സുനീറി
ഒരുനാൾ ഞാനീ ധരിച്ച പുടവകൾ എടുത്തുമാറ്റപ്പെടും
ഞാനെന്തിന് പിറന്നു? എങ്ങോട്ട് പോകുന്നു?
ഉത്തരം കിട്ടാതെ ഞാൻ കുഴങ്ങി'.

അബുൽ അലാ അൽ മഹ്‌രിപാടിയ കവിതാ സാരം കാണുക:

'ഭൗമവാസികളെക്കൊണ്ടുദ്ദേശിക്കപ്പെട്ടതെന്തെന്നറിയാനാവാതെ ജീവിതത്തോട് നാം വിട പറയുന്നു. താര നിരകളോ ഭൗമ പ്രതിഭാസങ്ങളോ അതേപ്പറ്റി ഒരറിവും പകർന്നു തന്നതുമില്ല. ഇന്നു പുലർന്നാൽ നാളെയെപ്പറ്റിയായി എന്റെ വേവലാതി. ഒന്നിലും ഒരുറപ്പില്ല. എല്ലാം തോന്നലുകളും ഭാവനകളും മാത്രം.

നിങ്ങളുടെ ചോദ്യങ്ങൾക്കുത്തരം നൽകാൻ ഞാനശക്തനാണ്. ഉത്തരങ്ങൾ അറിയാമെന്ന് പറഞ്ഞാൽ അത് കളവാണ്. പൊട്ടിച്ചിരികളെല്ലാം വിഢ്ഢിത്തങ്ങളാണ്. ഭൂലോക വാസികളെല്ലാം കരയുകയാണ് വേണ്ടത്. ദിനരാത്രങ്ങളെ ചില്ല് കണക്കെ നാം പൊട്ടിച്ചുനുറുക്കുന്നു. അവ തമ്മിലൊട്ടിച്ചു ചേർക്കാൻ സാധ്യമാവാത്ത വിധം.

എനിക്ക് ജന്മം നൽകുകയാൽ എന്റെ മാതാപിതാക്കൾ കൊടും പാതകമാണ് ചെയ്തത്. ഞാനാ പാതകം ആവർത്തിക്കാതിരിക്കാൻ ഒരാൾക്കും ജന്മം നൽകുന്നില്ല.

അവിവാഹിതനായി കഴിയുകയാണ്. ജന്മം നൽകപ്പെട്ടിട്ടില്ലാത്ത എന്റെ സന്താന പരമ്പര ഇല്ലായ്മയിൽ തന്നെ തുടരട്ടെ. എന്റെ ജന്മമോ മരണമോ ജീവിതമോ എന്നിഷ്ടപ്രകാരമല്ല ഇനി എപ്പോഴെങ്കിലും എന്നിഷ്ടം നടക്കുമോ?.

'ത്വലാസിം' എന്ന കവിതാസമാഹാരത്തിൽ ഏലിയാ എഴുതി:
'ഞാൻ വന്നു. എവിടന്നെന്നറിയില്ല എങ്കിലും ഞാൻ വന്നു.
എന്റെ മുമ്പിൽ ഒരു പാത കണ്ടു ഞാനതിലൂടെ നടന്നു.
ഞാനിച്ഛരിച്ചാലും ഇല്ലെങ്കിലും ഞാനതിലൂടെ നടന്നു കൊണ്ടേയിരിക്കുന്നു.
എങ്ങിനെ വന്നു വഴിയെങ്ങിനെ കണ്ടു ഒന്നുമെനിക്കറിയില്ല
ഞാനീ ഭൂമിക്ക് പുതിയതോ അതോ പഴയതോ?
ഞാൻ സർവ്വതന്ത്രസ്വതന്ത്രനോ അതോ ചങ്ങലയിൽ ബന്ധിതനോ?.
എന്റെ ജീവിത നൗകയെ തുഴയുന്നത് ഞാനാണോ?
അതോ എന്നെ നയിക്കപ്പെടുകയോ?
എല്ലാം അറിയണമെന്നെനിക്കതിയായ മോഹം പക്ഷേ എനിക്കൊന്നുമറിയില്ല.
എന്റെ പാത– ഏതാണെന്റെ പാത?
ദീർഘമാണോ ആ പാത അതോ ചുരുങ്ങിയതോ?
കയറുകയാണോ ഞാൻ അതോ കീഴോട്ടിറങ്ങുകയോ?
ഞാനാണോ ഭൂമിയിലൂടെ നടക്കുന്നത് അഥവാ ഭൂമി എന്നേയും പേറി നടക്കുകയോ?
അതോ ഭൂമിയും ഞാനും ഒരിടത്ത് നിൽക്കുകയും കാലം നടക്കുകുമാണോ?
എനിക്കൊന്നുമറിയില്ല!
മനുഷ്യനായി പിറക്കുന്നതിനു മുമ്പ് എന്നെ നീ കണ്ടുവോ?

ഞാനെന്ന ഒന്ന് ഇല്ലാതിരുന്നോ അതോ ഞാൻ വല്ലതുമായിരുന്നോ?
ഈ തിരിയായ്മക്ക് ഒരു മോചനമുണ്ടാകുമോ?
അതോ എന്നും ഇതു തന്നെയാണോ ഗതി?
എനിക്കൊന്നുമറിയില്ല.
എന്ത്കൊണ്ടെന്നെനിക്കറിയില്ല– എനിക്കൊന്നുമറിയില്ല.

മനപ്രയാസത്തിന്റെ തേങ്ങലുകളാണ് നിങ്ങൾ വായിച്ചത്. പേര് കേട്ട ഒരു ബുദ്ധിജീവിയുടെ അന്തരാളത്തിലെ നൊമ്പരം. സ്രഷ്ടാവിനെ അവന്റെ ദിവ്യഗുണങ്ങളെ മനസ്സിലാക്കാത്ത വിശ്വസിക്കാത്തവരുടെ അവസ്ഥയാണിത്. ഇത് കേവലം നിസ്സാരമല്ല മനസ്സിനുള്ളിൽ നീറിപുകയുന്ന കനലുകളുടെ തീനാളങ്ങളാണ്. ഒരിക്കലും അണയാത്ത തീനാളം എന്നും എരിഞ്ഞുകൊണ്ടേയിരിക്കുന്നു. കിടക്കപ്പൊറുതിയില്ലാത്ത ദിനരാത്രങ്ങൾ, ഇരുൾ മുറ്റിയ ജീവിത പാത, എന്നും പ്രശ്ന സങ്കീർണ്ണമായ അവസ്ഥ ഇതാണ് പരിണിത ഫലം. വിശുദ്ധ ഖുർആൻ പറഞ്ഞ (معيشة ضنكا) ഇടുങ്ങിയ ജീവിതം തന്നെ.

ജീവിത നൈരാശ്യത്തിന്റെ തേരിലേറിയാണ് അവിശ്വാസിയുടെ സഞ്ചാരം മോഹങ്ങളും മോഹഭംഗങ്ങളും അങ്ങുമിങ്ങും അവനെ തോണ്ടി വലിക്കുന്നു. ഏതാണുത്തമമെന്നറിയാതെ എല്ലാറ്റിലും ചാടി വീഴുന്നു. ജീവിക്കണമോ അതോ ജീവനൊടുക്കണമോ എന്നത് വരെ അവനാലോചിക്കുന്നു.

സ്വന്തത്തെയാണോ അതോ ചുറ്റുമുള്ള സമൂഹത്തെയാണോ തൃപ്തമാക്കേണ്ടത് എന്നതിലും അവിശ്വാസി നട്ടം തിരിയുന്നു. സമൂഹത്തെ തൃപ്തിപെടുത്താൻ ഭഗീരത പ്രയത്നം നടത്തുന്നു. അപ്പോഴും ഒരു വിഭാഗം അവനെ വെറുക്കുന്നു. ഒരു പക്ഷത്തിന്റെ ഇഷ്ടം മറു പക്ഷത്തിന് അനിഷ്ടകരമാകുന്നു.

ആരെയും സംതൃപ്തരാക്കാനാകാതെ അവൻ കുഴങ്ങുന്നു. കഴുതപ്പുറത്ത് സവാരി ചെയ്ത പിതാവിനെയും മകനേയും പോലെ. ജനം കൂകി 'പാവം ജീവിയെ ദ്രോഹിക്കുന്ന ക്രൂരരെന്ന് ജനം ആർത്തട്ടഹസിച്ചു. ഇത് കേട്ടപ്പോൾ പിതാവിറങ്ങി മകൻ അവിടെ തന്നെയിരുന്നു. അപ്പോൾ ജനം പറഞ്ഞു: 'മര്യാദയില്ലാത്ത മകൻ പിതാവിനെ നടത്തുന്നു'. ഇത് കേട്ട മകൻ താഴെ ഇറങ്ങി പിതാവ് കഴുത പുറത്തിരുന്നു. 'ജനം പരിഹസിച്ചു മകനോട് ദയയില്ലാത്ത പിതാവെന്ന്. ഇത് കേട്ട് പിതാവ് താഴെ ഇറങ്ങി കഴുതയെ രണ്ടുപേരും തെളിച്ചു നടന്നു. ജനം ആർത്തു വിളിച്ചു. 'വിഡ്ഢികൾ വിഡ്ഢികൾ വാഹനമുണ്ടായിട്ടും നടന്നു നീങ്ങുന്ന പരമവിഡ്ഢികൾ'. ജനശകാരം സഹിക്കവെയ്യാതായപ്പോൾ മകന് ഒരു ബുദ്ധി തോന്നി കഴുതയുടെ കാലുകൾ ബന്ധിച്ച് ഒരു വടിയിൽ തൂക്കി രണ്ടുപേർക്കും തോളിലേറ്റി നടക്കാമെന്ന്. ഇത് കേട്ട പിതാവ് പറഞ്ഞു: 'മോനെ അപ്പോഴും ജനം പറയും നാം ഭ്രാന്തരാണെന്ന്. വാഹനം പേറി നടക്കുന്ന മുഴുഭ്രാന്തർ. ഇല്ല ജനത്തെ തൃപ്തമാക്കാൻ സാധ്യമല്ല തന്നെ തീർച്ച. ആയതിനാൽ നമുക്കവരെ അവരുടെ പാട്ടിനുവിടാം.

സത്യവിശ്വാസിയുടെ അവസ്ഥ ഇതിൽ നിന്ന് തുലോം വിഭിന്നമാണ്. അവൻ ലക്ഷ്യമാക്കുന്നത് സ്രഷ്ടാവിന്റെ തൃപ്തി മാത്രമാണ് ആയതിനാൽ തന്നെ ജനം എന്തുപറഞ്ഞാലും അവൻ കാര്യമാക്കുന്നില്ല. തന്റെ ലക്ഷ്യസാക്ഷാൽകാരത്തിനായുള്ള പ്രവർത്തികളിൽ അവൻ പരിപൂർണ്ണ സംതൃപ്തനുമാണ്. ഈ കവിതാ ശകലം എത്ര അന്വർത്ഥമാണ്.

ജീവിതത്തിൽ മധുരം കൊതിക്കുന്നു.

പക്ഷേ കൈപ്പേറിയതാണത്.

മനിതരെ തൃപ്തിപെടുത്താനായി ശ്രമിക്കുന്നു.
പക്ഷേ എന്നും കോപിതരാണവർ.
നാം തമ്മിലുള്ള ബന്ധം നന്നാകുമ്പോൾ
നാമും സമൂഹവുമായുള്ള ബന്ധം വഷളാകുന്നു.
സ്നേഹമാണ് സകലമാന മൂഴിയിൽ
ഒന്നുമില്ല മണ്ണാവാതെ മണ്ണിതിൽ.

സത്യവിശ്വാസിയുടെ ഉന്നം എപ്പോഴും സ്രഷ്ടാവിന്റെ സംതൃപ്തി മാത്രമാണ് അത് മാത്രമാണ് അവന്റെ ജീവിത ലക്ഷ്യവും അതിന് വേണ്ടിയാണ് അവന്റെ പ്രാർത്ഥനയഖിലവും.

﴿ ٱهْدِنَا ٱلصِّرَٰطَ ٱلْمُسْتَقِيمَ ﴾ ( الفاتحة : ٦ )

'നേരായപാതയിൽ ഞങ്ങളെ നീ നയിക്കേണമേ' എന്നാണവന്റെ സദാനേര പ്രാർത്ഥന. അതെ വക്രതയില്ലാത്ത ചൊവ്വായ പാത. അത് മാത്രം പിന്തുടരുക. വക്രതയുള്ള ചിന്നിച്ചിതറിയ മാർഗ്ഗങ്ങൾ വഴിപിഴപ്പിക്കുന്നതാണ്.

﴿ وَأَنَّ هَٰذَا صِرَٰطِي مُسْتَقِيمًا فَٱتَّبِعُوهُ ۖ وَلَا تَتَّبِعُوا۟ ٱلسُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِۦ ۚ ذَٰلِكُمْ وَصَّىٰكُم بِهِۦ لَعَلَّكُمْ تَتَّقُونَ ﴾ ( الأنعام : ١٥٣ )

'ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റു മാർഗ്ഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ (അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) നിന്ന് നിങ്ങളെ ചിതറിച്ചു കളയും' (അൻആം: 153).

സത്യവിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള അന്തരം എത്ര വലുതാണ്. ഒരാൾ ലക്ഷ്യബോധത്തോടെ നീങ്ങുന്നു. മറ്റവൻ അലക്ഷ്യമായും. വിശുദ്ധ ഖുർആൻ വിരൽ ചൂണ്ടുന്നത് അതിലേക്കാണ്.

﴿ أَفَمَن يَمْشِي مُكِبًّا عَلَىٰ وَجْهِهِۦٓ أَهْدَىٰٓ أَمَّن يَمْشِي سَوِيًّا عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴾ ( الملك : ٢٢ )

'അപ്പോൾ മുഖം നിലത്തു കുത്തിക്കൊണ്ട് നടക്കുന്നവനാണോ സന്മാർഗം പ്രാപിക്കുന്നവൻ? അതല്ല നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കുന്നവനോ?' (മുൽക്ക്: 22)

ഈ ലക്ഷ്യ സാക്ഷാൽക്കാരത്തിന്റെ പാതയിൽ നേരിട്ടേക്കാവുന്ന സകലമാന തടസ്സങ്ങളും തട്ടിമാറ്റാനും അതിന്റെ പേരിലുണ്ടാകുന്ന പീഢനങ്ങൾ സഹിക്കാനും സത്യവിശ്വാസി സന്നദ്ധമാകുന്നു. ഖുബൈബ്ബ്നു സൈദ്(റ)വിന്റെ ഈരടികൾ അതാണ് വിളിച്ചോതുന്നത്.

ولست أبالي حين أقتل مسلماً ... على أي جنب كان في الله مصرعي

وذلك في ذات الإله وإن يشأ ... يبارك على أوصال شلو ممزع

'ദൈവ മാർഗ്ഗത്തിലാണ് എന്റെ മൃത്യുവെങ്കിൽ, മുസ്ലിമായാണ് ഞാൻ വധിക്കപ്പെടുന്നതെങ്കിൽ പീഢനങ്ങൾക്ക് യാതൊരു വിലയും ഞാൻ കാണുന്നില്ല. ചിന്നിച്ചിതറി വീണ മാംസ തുണ്ടുകളിൽപ്പോലും ദൈവാനുഗ്രഹമുണ്ടാകുന്നതാണ്, തീർച്ച.

മരണം കണ്ട് കൊണ്ടു തന്നെ പടക്കളങ്ങളിലേക്ക് കുതിച്ച് പായുന്ന പുണ്യാത്മാക്കളായ സഹാബിമാരും താബിഉകളും ഉരുവിട്ടതും ഉൾപ്പുളകമുണ്ടാക്കുന്നതാണ്.

﴿ وَعَجِلْتُ إِلَيْكَ رَبِّ لِتَرْضَىٰ ﴾ ( طه : ٨٤ )

'എന്റെ രക്ഷിതാവേ, നീ തൃപ്തിപ്പെടുന്നതിന് വേണ്ടിയാണ് ഞാൻ നിന്റെ അടുത്തേക്ക് ധൃതിപ്പെട്ട് വന്നിരിക്കുന്നത്' (ത്വാഹാ: 84).

കൂർത്തുമൂർത്ത കൂരമ്പ് നെഞ്ചിലൂടെ കടന്ന് മറുവശത്തുകൂടെ പോയപ്പോഴും അവർ പറഞ്ഞത് فزت ورب الكعبة 'കഅ്ബത്തിന്റെ നാഥനാണ് സത്യം ഞാൻ വിജയിച്ചിരിക്കുന്നു' എന്നായിരുന്നു. ഇതെല്ലാം തന്നെ ദൈവമാർഗ്ഗത്തിൽ ത്യാഗം ചെയ്യാനുള്ള സത്യവിശ്വാസിയുടെ സന്നദ്ധതയാണ് വിളിച്ചറിയിക്കുന്നത്.

അഹ്സാബ് രണാങ്കണം, ശത്രുസൈന്യം നാലുപാടും വളഞ്ഞുകഴിഞ്ഞു. സത്യവിശ്വാസികൾ അതികഠിനമായ പരീക്ഷണത്തിനിരയായിരിക്കുന്നു. അവർ കിടുകിടുത്തുപോയി. കണ്ണ് മായുന്നു. ഭീതിയാൽ ഹൃത്തടം തൊണ്ടക്കുഴിവരെ എത്തിനിൽക്കുന്ന പ്രതീതി. കൂട്ടത്തിലുണ്ടായിരുന്ന കപടന്മാർ മുഖമറ നീക്കി രംഗത്തു വന്നു. 'അല്ലാഹുവും റസൂലും നമ്മെ ചതിക്കുകയായിരുന്നു' എന്ന് പറഞ്ഞ് പിന്തിരിഞ്ഞ ഘട്ടം. പക്ഷെ മുഅ്മിനുകളുടെ ഹൃദയം പതറിയില്ല. അവർ ഉറച്ച സ്വരത്തിൽ പറഞ്ഞു: 'അല്ലാഹു നല്ലതേ ചെയ്യുകയുള്ളു'. ഈ ഭീകരാന്തരീക്ഷത്തിലും ശാന്ത ഘംഭീരരായി ഉറച്ചുനിന്നു. ഖുർആൻ ആ രംഗം ഇങ്ങനെ വിശദീകരിക്കുന്നു.

'സത്യവിശ്വാസികൾ സംഘടിത കക്ഷികളെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു: 'ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളതാകുന്നു. അല്ലാഹുവും അവന്റെ ദൂതനും സത്യമാണ് പറഞ്ഞിട്ടുള്ളത്. അതവർക്ക് വിശ്വാസവും അർപ്പണവും വർദ്ധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ' (അഹ്സാബ്: 22).

'അവനാകുന്നു സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തി ഇറക്കിക്കൊടുത്തത്. അവരുടെ വിശ്വാസത്തോടൊപ്പം കൂടുതൽ വിശ്വാസം ഉണ്ടായിത്തീരേണ്ടതിന് വേണ്ടി. ആകാശങ്ങളിലേയും ഭൂമിയിലേയും സൈന്യങ്ങൾ അല്ലാഹുവിന്നുള്ളതാകുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമായിരിക്കുന്നു' (ഫത്ഹ്: 4).

'(നബിയേ), പറയുക: തീർച്ചയായും അല്ലാഹു താനുദ്ദേശിക്കുന്നവരെ വഴികേടിലാക്കുന്നു. പശ്ചാത്തപിച്ചുമടങ്ങിയവരെ തന്റെ മാർഗ്ഗത്തിലേക്കവൻ നയിക്കുകയും ചെയ്യുന്നു. അതായത് വിശ്വസിക്കുകയും, അല്ലാഹുവെപ്പറ്റിയുള്ള ഓർമ്മ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക, ദൈവ സ്മരണ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (റഅ്ദ്: 27, 28).

പോകുന്നതെങ്ങോട്ടാണെന്ന് വിശ്വാസി ബോധവാനാണ്. യുദ്ധം ആളിപ്പടരുന്ന പോർക്കളം, കാത്തിരിക്കുന്നത് മരണവും എന്നിട്ടും അവൻ ശാന്തമനസ്കനാണ്. കാരണം ദൈവ മാർഗത്തിൽ ശാന്തമായി എന്ത് ത്യാഗവും സഹിക്കാൻ അവൻ സന്നദ്ധനാകുന്നു. അവന്റെ ലക്ഷ്യം പവിത്രമാണ്. പാത ക്ലേശപൂർണ്ണമായേക്കാം ആ പാതയിൽ കൂടി സഞ്ചരിച്ചേ പറ്റൂ. ആ പാതയാണ് ദൈവാനുഗ്രഹം സിദ്ധിച്ച പ്രവാചകൻമാർ, സിദ്ദീഖുമാർ, രണാങ്കണങ്ങളിൽ വീരമൃത്യു വരിച്ചവർ, സജ്ജനങ്ങൾ എന്നിവരുടെ സഞ്ചാര പാത. അതത്രെ ചൊവ്വായ മാർഗ്ഗവും. പ്രവാചകൻ (സ) നയിച്ച നേരായ മാർഗ്ഗം.

'തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗ്ഗദർശനം നൽകുന്നത്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും ഏതൊരുവന്നുള്ളതാണോ ആ അല്ലാഹുവിന്റെ പാതയിലേക്ക്' (ശൂറാ: 52,53).

ഈ പാത അവലംബിക്കുന്നതിൽ വിശ്വാസി തികച്ചും സംതൃപ്തനാണ് അവന്റെ ചുവടുകൾ പതറുന്നില്ല ചിത്തം ചിതറുന്നുമില്ല. ഋജുവാണ് ആ പാത, വ്യത്യസ്ത മാർഗ്ഗങ്ങളിലേക്ക് ചൂണ്ടുപലകകളില്ലാത്ത നേരെ ചൊവ്വെയുള്ള പാത. വിശ്വാസിയുടെ ഉള്ളം ശാന്തമാണ്. ഏത് സ്വീകരിക്കണമെന്നോ ഏത് തിരസ്കരിക്കണമെന്നോ ഉള്ള അങ്കലാപ്പുകൾ അവനെ ബാധിക്കുന്നില്ല. ഒരു മാനദണ്ഡമേ അവന്റെ മുമ്പിലുള്ളൂ. ആ മാനദണ്ഡത്തിലളന്ന് കൊണ്ടാണ് അവന്റെ പ്രവർത്തനങ്ങളും ആചാരങ്ങളും ആരാധനകളുമെല്ലാം ചെയ്യുന്നത്.

നന്മ നിറഞ്ഞതും തിന്മ ഏശാത്തതുമാണത്. ദിവ്യ വെളിപാടിനാൽ പ്രശോഭിതമാണത്. അതാണ് ദൈവിക ഗ്രന്ഥവും ദൈവ ദൂതന്റെ മാർഗ്ഗ ദർശനവും. വിശുദ്ധ ഖുർആൻ അതി പ്രകാരം സൂചിപ്പിക്കുന്നു.

'നിങ്ങൾക്കിതാ അല്ലാഹുവിൽ നിന്ന് ഒരു പ്രകാശവും വ്യക്തമായൊരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേനെ അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു' (മാഇദ: 15, 16).

അത് കൂടാതെ സത്യവിശ്വാസിയുടെ മനസ്സ് സദാ ഉണർന്നു പ്രവർത്തിക്കുന്നതാണ്. ഏതെങ്കിലും കാര്യത്തിൽ അവ്യക്തത അനുഭവപ്പെടുമ്പോൾ സ്വന്തം മനസ്സാക്ഷിയുടെ തീരുമാനമനുസരിച്ച് മുമ്പോട്ട് നീങ്ങുന്നു. ഒരു കാന്തിക വലയത്തിലെ സൂചി പോലെ എന്നും നന്മയിലേക്ക് മാത്രമേ വിശ്വാസിയുടെ മനസ്സ് തിരിയുകയുള്ളൂ.

ഒരു മുഅ്മിനിന്റെ വിശ്വാസവും ആരാധനകളും സാമൂഹ്യ ജീവിതവും അളന്നുതിട്ടപ്പെടുത്തുന്നത് സ്രഷ്ടാവിന്റെ സംതൃപ്തിയെന്ന മാനദണ്ഡമാണെന്ന് പറഞ്ഞുവല്ലോ. അപ്പോൾ അവന്റെ ജീവിതത്തെ തിന്മ തൊട്ടുതീണ്ടുക പോലുമില്ല. നേട്ടങ്ങളുടെ കുമ്പാരമോ നഷ്ടങ്ങളുടെ ബാഹുല്യമോ തിന്മയെ അവലംബിക്കാൻ പ്രേരിതമായാലും വിശ്വാസി തിന്മയെ സ്വീകരിക്കുന്നതല്ല. ദൈവം എന്ത് കൽപ്പിച്ചുവോ, ദിവ്യതൃപ്തി ഏതിലാണോ അതിലൂടെ മാത്രമേ അവൻ ചലിക്കുകയുള്ളൂ. നിരവധി ഉദാഹരണങ്ങൾ കാണാൻ സാധിക്കുന്നതാണ്. ഖലീലുല്ലാഹി ഇബ്രാഹിം (അ)യുടെ കഥ ഒരു ഉദാഹരണം മാത്രം. വാർദ്ധക്യത്തിൽ ഒരു കുഞ്ഞിനുവേണ്ടി മോഹിക്കുകയും നിരാശപ്പെടാതെ സ്രഷ്ടാവോട് പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥനയുടെ ഫലമായി കുട്ടിയെ ലഭിച്ചു. തനിക്കൊരു പിൻഗാമി ഉണ്ടായപ്പോൾ ഉള്ളറിഞ്ഞു സന്തോഷിച്ചു. ബാല്യത്തിന്റെ വസന്തത്തിലേക്ക് എത്തിയപ്പോൾ കുട്ടിയെ നൽകിയ ദൈവത്തിന്റെ ആജ്ഞ വന്നു. 'കുട്ടിയെ ബലി നടത്തണമെന്ന്'. പൂർണ്ണ വിശ്വാസിയായ ഇബ്രാഹിം (അ) ഒട്ടും അറച്ചുനിന്നില്ല. ദൈവ കൽപന കുട്ടിയെ അറിയിച്ചപ്പോൾ കുട്ടിയുടെ മറുപടിയും വളരെ പക്വമായിരുന്നു. 'ദൈവം എന്താണോ അങ്ങയോട് കൽപ്പിച്ചത് അത് അങ്ങ് നിറവേറ്റുക. ദൈവാനുഗ്രഹത്താൽ ഞാൻ ശാന്തനായി നിന്നുതരാം'. ഇബ്രാഹീം ഒട്ടും വൈകാതെ കൃത്യനിർവ്വഹണത്തിന് തുനിഞ്ഞു. സ്രഷ്ടാവിന് തൃപ്തിയായി. പകരം ഒരാടിനെ അറുത്താൽ മതിയെന്ന് ദൈവം അറിയിച്ചു. സ്രഷ്ടാവിന്റെ തൃപ്തിക്കായി എന്തും സഹിക്കാൻ തയ്യാറായ രണ്ട് വിശ്വാസികളുടെ കഥയാണിത്. വിശുദ്ധ ഖുർആൻ വിവരിക്കുന്നത് കാണുക.

'അപ്പോൾ സഹനശീലനായ ഒരു ബാലനെപ്പറ്റി നാം അദ്ദേഹത്തിന് സന്തോഷ വാർത്ത അറിയിച്ചു. എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ കുഞ്ഞുമകനേ, ഞാൻ നിന്നെ അറുക്കണമെന്ന് ഞാൻ സ്വപ്നത്തിൽ കാണുന്നു. അത് കൊണ്ട് നോക്കൂ: നീ എന്താണ് അഭിപ്രായപ്പെടുന്നത്? അവൻ പറഞ്ഞു: 'എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക, അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ് അങ്ങനെ അവർ ഇരുവരും (കൽപനക്ക്) കീഴ്പ്പെടുകയും അവനെ നെറ്റിമേൽ ചരിച്ചു കിടത്തുകയും ചെയ്ത സന്ദർഭം; നാം അദ്ദേഹത്തെ വിളിച്ചു പറഞ്ഞു. ഹേ ഇബ്റാഹീം തീർച്ചയായും നീ സ്വപ്നം സാക്ഷാത്ക്കരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും ഇത് സ്പഷ്ടമായ പരീക്ഷണം തന്നെയാണ്. അവന്ന് പകരം ബലിയർപ്പിക്കാനായി മഹത്തായ ഒരു ബലി മൃഗത്തെ നാം നൽകുകയും ചെയ്തു. പിൽക്കാലക്കാരിൽ (ഇബ്റാഹീമിന്റെ) സൽകീർത്തി നാം അവശേഷിപ്പിക്കുകയും ചെയ്തു. ഇബ്റാഹീമിന് സമാധാനം! അപ്രകാരമാണ് നാം സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും അദ്ദേഹം നമ്മുടെ സത്യവിശ്വാസികളായ ദാസൻമാരിൽപ്പെട്ടവനാകുന്നു' (സ്വാഫ്ഫാത്ത്: 101–111).

ആരാധനാ ഭാവത്തോടെയുള്ള അടിമത്തം അല്ലാഹുവിന് മാത്രമാണെന്നാണ് സത്യവിശ്വാസിയുടെ വിശ്വാസം. അഥവാ സൃഷ്ടിജാലങ്ങളിലൊന്നിനോടും അവന് ആ നിലക്കുള്ള വിധേയത്വമില്ല. അവന്റെ ആരാധന സ്രഷ്ടാവായ ദൈവത്തിനു

മാത്രം. ഈ വിശ്വാസത്തിൽ അടിയുറച്ച് നിൽക്കുന്ന സത്യ വിശ്വാസിയുടെ മേൽ പിശാചിന്റെ കൈ കടത്തൽ പോലും നടക്കുകയില്ല. ഖുർആൻ പറയുന്നു.

﴿ إِنَّ عِبَادِى لَيْسَ لَكَ عَلَيْهِمْ سُلْطَٰنٌ ﴾ ( الإسراء : ٦٥ )

"തീർച്ചയായും എന്റെ ദാസന്മാരാരോ അവരുടെ മേൽ നിനക്ക് യാതൊരു അധികാരവുമില്ല" (ഇസ്റാഅ്: 65).

'ആരാധന അല്ലാഹുവിന് മാത്രമാണ്, അവന്റെ വിധി വില ക്കുകളനുസരിച്ച്, അവന്റെ തൃപ്തിയെ മാത്രം ലക്ഷ്യം വെച്ച് ജീവിക്കുക എന്നതാണിതിന്റെ വിവക്ഷ. വിശ്വാസി ഇതിൽ പൂർണ്ണമായും സംതൃപ്തനാണ്. കാരണം അവന്റെ സർവ്വത്ര കാര്യങ്ങൾ നിയന്തിക്കുന്നത് അല്ലാഹുവാണെന്നും തന്നോട് തന്നേക്കാളും തന്റെ മാതാപിതാക്കളെക്കാളും അനുകമ്പയും കാരുണ്യവും ഉള്ളത് അല്ലാഹുവിനാണെന്നും, സർവ്വജ്ഞനാ യ നാഥനാണ് തനിക്ക് ഗുണകരമായ എല്ലാം നൽകുന്നത് എന്നും വിശ്വസിക്കുന്നവനായത് കൊണ്ട് തന്നെ വിശ്വാസി ദൈവ കല്പനയനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തുന്നു.

വിധേയത്വത്തിന്റെ അർത്ഥമുൾകൊള്ളുന്നവനാണ് വിശ്വാ സി. ആയതിനാൽ തന്നെ അവന്റെ, ആകാശ ഭൂമികളുടെ, സർവ്വ ചരാചരങ്ങളുടെ സ്രഷ്ടാവായ ദൈവത്തിനു മുമ്പിൽ വിശ്വാസി തന്റെ സർവ്വസവും അർപ്പിക്കുന്നു. ജീവിതത്തി നിടയിൽ കടന്ന് വരാവുന്ന സകലവിധ പൈശാചിക ദേവത കളേയും തകർത്ത് മനസ്സും ശരീരവും ഏകനായ ദൈവത്തി ന് അർപ്പിക്കുന്നു. അവനല്ലാതെ സംരക്ഷകനോ, കൈകാര്യ കർത്താവോ ഇല്ലെന്ന് മുഅ്മിൻ വിശ്വസിക്കുന്നു. വിശ്വാസ

വും കർമ്മവും ജീവിതവും മരണവും ദൈവത്തിൽ അർപ്പിച്ച് പൂർണ്ണ സ്വതന്ത്രനായിത്തീരുന്നു. ഖുർആൻ പറയുന്നു:

'പറയുക തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതത്തിലേക്ക് നേർമാർഗ്ഗത്തിൽ നിലകൊണ്ട ഇബ്റാഹീമിന്റെ ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവ വാദികളിൽപ്പെട്ടവനായിരുന്നില്ല. പറയുക തീർച്ചയായും എന്റെ നമസ്കാരവും ആരാധനാ കർമ്മങ്ങളും ജീവിതവും മരണവും ലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കല്പിക്കപ്പെട്ടിരിക്കുന്നത്. അവന്ന് കീഴ്പ്പെടുന്നതിൽ ഞാൻ ഒന്നാമനാണ്. പറയുക, അല്ലാഹു അല്ലാത്തവരെ രക്ഷിതാവായി ഞാൻ തേടുകയോ? അവനാകട്ടെ മുഴുവൻ വസ്തുക്കളുടെയും രക്ഷിതാവാണ് (അൻആം: 161 – 164).

ഐഹിക പാരത്രിക വിജയങ്ങളുടെ നിദാനം കറകളഞ്ഞ ദൈവ വിശ്വാസമാണെന്ന് മുഅ്മിൻ തിരിച്ചറിയുന്നു. സൽഗുണ സമ്പന്നനായ ഒരു വിശ്വാസിക്ക്, ദൈവത്തിന്റെ കല്പനകൾക്കപ്പുറം ഒന്നും അവന്റെ ചിന്തക്ക് വിഷയീഭവിക്കുന്നില്ല മറിച്ചൊരു തീരുമാനത്തിനും അവൻ മുതിരുന്നതല്ല.

﴿ وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ﴾ ( الأحزاب : ٣٦ )

'അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ പുരുഷന്നാകട്ടെ സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തിൽ സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല' (അഹ്സാബ്: 33).

﴿ إِنَّمَا كَانَ قَوْلَ ٱلْمُؤْمِنِينَ إِذَا دُعُوٓاْ إِلَى ٱللَّهِ وَرَسُولِهِۦ لِيَحْكُمَ بَيْنَهُمْ أَن يَقُولُواْ سَمِعْنَا وَأَطَعْنَا ۚ وَأُوْلَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴾ ( النور : ٥١ )

"തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പ് കൽപിക്കുന്നതിന്നായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യ വിശ്വാസികളുടെ വാക്ക് 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു' എന്ന് പറയുക മാത്രമായിരിക്കും അവർ തന്നെയാണ് വിജയികൾ' (നൂർ: 51)

അതെ വിശ്വാസികൾ ഇഹപര വിജയം നേടിയവരാണ്. വിശ്വാസിയുടെ ഭൗതിക ജീവിതം സമാധാനം നിറഞ്ഞതും സന്തോഷ പൂർവ്വവുമാണ്. അശാന്തിയോ അങ്കലാപ്പുകളോ അവന് ഉണ്ടാകുന്നതല്ല. പാരത്രിക ലോകത്ത് സ്വർഗ്ഗമാണ് അവന്റെ വാസസ്ഥലം. സർവാനുഗ്രഹങ്ങളുടേയും ഇടമായ സ്വർഗ്ഗത്തിലെത്തുന്നതോടൊപ്പം സ്രഷ്ടാവായ ദൈവത്തിന്റെ സംതൃപ്തിക്കും സ്നേഹത്തിന്നും അവൻ പാത്രമാകുന്നു. ഇതിൽപരം എന്ത് വിജയമാണുള്ളത്.

വിശ്വാസിയുടെ ജീവിതം ഈ പ്രപഞ്ചത്തിലെ ഒന്നിനോടും അന്യത പുലർത്തുന്നില്ല. സർവ്വത്തിനോടും ഇഴുകിച്ചേർന്നുകൊണ്ടും സമരസപ്പെട്ടുകൊണ്ടുമാണ് നില നിൽക്കുന്നത്. കാരണം ഈ പ്രപഞ്ചത്തിലെ സകലമാന വസ്തുക്കളും അവന്റെ പഠനത്തിനും ചിന്തക്കും ഗവേഷണത്തിനും വിധേയമാണ്. സൃഷ്ടികർത്താവിന്റെ വൈഭവവും അപാരമായ അനുഗ്രഹങ്ങളും ഈ ഉലകത്തിലൂടെ, അതിലെ ഗോളങ്ങളിലൂടെ, ജീവജാലങ്ങളിലൂടെ മറ്റുള്ള അൽഭുത പ്രതിഭാസങ്ങളിലൂടെ

അവൻ ദർശിക്കുന്നു. പ്രപഞ്ചമഖിലവും സ്രഷ്ടാവിന് അറിഞ്ഞോ അറിയാതെയോ അനുസരിക്കുന്നു. അവന്റെ നിയമത്തിനനുസരിച്ച് ചലിക്കുന്നു. അവനെ സദാ പരിശുദ്ധപ്പെടുത്തുന്നു.

പ്രപഞ്ചത്തിന്റെ അൽഭുതമായ ഘടനയും സംവിധാനവും വിശ്വാസിയുടെ ചിന്തക്കു പാത്രമാകുന്നു. അതിലൂടെ ദൃശ്യമാവുന്ന ദൈവത്തിന്റെ അതിരറ്റ കഴിവ് അവന്റെ വിശ്വാസത്തിന് ശക്തിയേകുന്നു. സമസൃഷ്ടികളോടുള്ള സ്നേഹവും ബന്ധവും അവന്റെ മനസ്സിനേയും പെരുമാറ്റത്തേയും വിശാലമാക്കുന്നു. താനൊറ്റക്കല്ലെന്നും ഈ പ്രപഞ്ചത്തിലെ സകല വസ്തുക്കളും തന്റെ സഹ സൃഷ്ടികളാണെന്നുമുള്ള വിശ്വാസിയുടെ ധാരണ സൗഹൃദത്തിലും സാഹോദര്യത്തിലും സമസൃഷ്ടി സ്നേഹത്തിലും അവനെ എത്തിക്കുന്നു. അവന്റെ മനസ്സും സ്നേഹാവായ്പുകളും സകലത്തിനുമായി തുറന്നു വെക്കുന്നു.

ഈ ലോകം മാത്രമല്ല അവന്റെ ചിന്തക്ക് വിഷയീഭവിക്കുന്നത് നശ്വരമായ ഈ ജീവിതത്തിനു ശേഷം പരലോകമെന്ന ശാശ്വത ജീവിതമുണ്ട് എന്ന വിശ്വാസം അവന്റെ ചിന്തയേയും വിശ്വാസത്തേയും ഈ ലോകത്തിനപ്പുറത്തേക്കും എത്തിക്കുന്നു. എന്തു മാത്രം വിശാലമാണ് ഒരു മുഅ്മിനിന്റെ മനസ്സ്. താനുണ്ട്, താൻ ജീവിക്കുന്ന ഈ ലോകമുണ്ട്, ഇതിനു ശേഷം പരലോകമുണ്ട്. ഇതെല്ലാം സൃഷ്ടിച്ചു സംവിധാനിച്ച ഉന്നതനായ നാഥനുമുണ്ട്. ഈ വിശ്വാസമാണ് മുഅ്മിനിന്റെ മനസ്സിനെ വിശാലമാക്കുന്നത്.

എന്നാൽ അവിശ്വാസിയുടെ മനസ്സും ചിന്തയും ജീവിതവും ഇടുങ്ങിയതും ദുസ്സഹവുമാണ്. കാരണം അവൻ എല്ലാറ്റിനോ

ടും അന്വത പുലർത്തുന്നു. ഇന്നലെയെപ്പറ്റി അവൻ ഓർക്കുന്നില്ല. നാളെയെപ്പറ്റി അവൻ ചിന്തിക്കുന്നുമില്ല. ജീവിക്കുന്ന ഇന്ന് മാത്രമാണവന്റെ ഉന്നം. അവന്റെ ചുറ്റുമുള്ള ലോകത്തെ പ്പറ്റി അവന്ന് ധാരണയില്ല. ആര് സൃഷ്ടിച്ചു, എന്തിന് സൃഷ്ടിച്ചു, ഇതിന്റെ പിന്നിലുള്ള ചേതോ വികാരമെന്താണ്, ഇതൊന്നും അവന്റെ പഠന വിഷയമല്ല. അവനിൽ മാത്രം ഒതുങ്ങിക്കൂടുകയാണ്. സ്വന്തം വിചാരവികാരങ്ങൾക്ക് മാത്രം പ്രാധാന്യം നൽകുന്നു. മറ്റുള്ളവയെപ്പറ്റി അവൻ ഓർക്കുക പോലും ചെയ്യുന്നില്ല.

ഇത് ലോകോൽഭവം മുതലേയുള്ള പ്രക്രിയയാണ്. ആദ്യ പിതാവ് ആദം നബി (അ) ഭൂവിൽ വന്നപ്പോഴേ സ്രഷ്ടാവ് ഈ കാര്യം സൂചിപ്പിക്കുകയുണ്ടായി.

﴿ فَإِمَّا يَأْتِيَنَّكُم مِّنِّي هُدًى فَمَنِ ٱتَّبَعَ هُدَاىَ فَلَا يَضِلُّ وَلَا يَشْقَىٰ ، وَمَنْ أَعْرَضَ عَن ذِكْرِى فَإِنَّ لَهُۥ مَعِيشَةً ضَنكًا ﴾ (طه : ١٢٣ ، ١٢٤)

'എന്നാൽ എന്റെ പക്കൽ നിന്നുള്ള വല്ല മാർഗ്ഗ ദർശനവും നിങ്ങൾക്ക് വന്നു കിട്ടുന്ന പക്ഷം അപ്പോൾ എന്റെ മാർഗ്ഗ ദർശനം ആർ പിൻപറ്റുന്നുവോ അവൻ പിഴച്ചു പോകുകയില്ല. കഷ്ടപ്പെടുകയുമില്ല. എന്റെ ഉൽബോധത്തെ വിട്ട് വല്ലവനും തിരിഞ്ഞു കളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ജീവിതമാണ് ഉണ്ടായിരിക്കുക" (ത്വാഹാ: 123,124)

ദൈവ മാർഗ്ഗത്തിൽ നിന്ന് തെന്നി ഇതര മാർഗ്ഗമവലംബിച്ചവർ ഭൗതിക സുഖാഡംബരങ്ങളോടെ സർവത്ര സ്വതന്ത്രരായി ജീവിക്കുന്നത് കണ്ട് അവർ സംതൃപ്തരാണെന്ന് ധരിക്കരു

ത്. അവരുടെ മനസ്സ് വേവലാതി നിറഞ്ഞതും നിരാശജനകവും അത്യാർത്ഥിയുള്ളതും വളരെ ഇടുങ്ങിയതുമാണ്. അവരുടെ ജിവിത വ്യാപരങ്ങളിലെല്ലാം ഈ ഇടുക്കം കാണാവുന്നതാണ്.

ഒരു മൃഗത്തിന്റെ ജീവിതം അതിന്റെ ആമാശയത്തിലൊതുങ്ങുന്നു. തിന്നുക, കുടിക്കുക, രമിക്കുക എന്നത് മാത്രമാണല്ലോ മൃഗങ്ങളുടെ ലോകം. ശിശുവിന്റെ ലോകവും ശുഷ്കിതമാണ്. മുലപ്പാലിലും മാതാവിലും അതൊതുങ്ങുന്നു. വലുതാകും തോറും അവന്റെ ലോകവും വലുതാകുന്നു. അറിവിന്റെ വ്യാപ്തി കൂടും തോറും ലോകത്തിന്റെ വലുപ്പവും കൂടിക്കൂടി വരുന്നു.

ദൃഷ്ടിക്ക് ഗോചരമായതിനെപ്പറ്റി പഠിച്ച ശേഷം ദൃഷ്ടിക്ക് അപ്പുറമുള്ളതിനെപ്പറ്റി പഠനം നടത്തുന്നു. ഒരു അറിവിൽ നിന്നും മറ്റൊരു അറിവ് നേടി അവന്റെ മനസ്സിന്റെ വ്യാപ്തവും വിശാലമാവുന്നു. തന്നെക്കുറിച്ചും സഹ സൃഷ്ടികളെക്കുറിച്ചും ഈ പ്രപഞ്ചത്തെക്കുറിച്ചും അവൻ ചിന്തിക്കുന്നു. അതിലൂടെ പ്രപഞ്ച സ്രഷ്ടാവിനെ അവൻ കണ്ടെത്തുന്നു.

ദൈവ ദൂതന്മാരുടെ മാർഗ്ഗദർശനങ്ങൾ അവനെ ഒരു ദൈവ ഭക്തനാക്കി മാറ്റുന്നു. അങ്ങനെ ശൈശവത്തിലേ മൃഗീയമായ ഇടുങ്ങിയ അറിവിൽ നിന്ന് പ്രവിശാലമായ അറിവിന്റെ ലോകത്തേക്ക് അവൻ കടന്നുവരുന്നു. പഞ്ചേന്ദ്രിയ ജ്ഞാനങ്ങളിൽ നിന്ന് ചിന്താപരമായ ജ്ഞാനങ്ങളിലേക്ക്, ദൃശ്യമായവയിൽ നിന്ന് അദൃശ്യമായവയിലേക്ക്, ദൃശ്യ പ്രപഞ്ചത്തിൽ നിന്ന് അദൃശ്യ ലോകത്തിലേക്ക്.. അങ്ങനെ പോവുന്നു അവന്റെ അറിവിന്റെ വ്യാപ്തം.

സത്യവിശ്വാസിയുടെ ജീവിതം മാനസിക വിശാലതയാൽ ചൈതന്യപൂർണ്ണമാണ്. ഭൗതിക ജിവിത സൗകര്യങ്ങളിൽ ഞെരു

ക്കവും ഇല്ലായ്മയും കാണാമെങ്കിലും മാനസികമായി അവൻ ധന്യനാണ്. ഈ ലോകം മുഴുവൻ അവന്റെ സ്രഷ്ടാവിന്റെ സൃഷ്ടി ജാലങ്ങളാണ് എന്ന വിശ്വാസം പ്രവിശാലമായ ഈ പ്രപഞ്ചത്തിലേക്ക് അവന്റെ ചിന്തയെ എത്തിക്കുന്നു. ഈ ലോകത്തെ അതിന്റെ ഉള്ളും പുറവും ഉപരിതലവും അധോ മണ്ഡലവും കാണപ്പെടുന്നതും കാണപ്പെടാത്തതും കഴിഞ്ഞ തും വരാനുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങ ളെപ്പറ്റി അവൻ ചിന്തിക്കുന്നു. ഈ ചിന്ത അവന്റെ മനസ്സിനെ ആകാശങ്ങളോളമെത്തിക്കുന്നു. ആകാശ ലോകത്തിലെ മാലാ ഖമാരിലേക്കും അല്ലാഹുവിന്റെ മഹത്തായ അർശ് ചുമക്കു ന്ന മലക്കുകളിലേക്കുമെത്തിക്കുന്നു. ഇത് അവന്റെ മനസ്സിനെ ദിവ്യവെളിപാട് ചുമക്കുന്നവരിലേക്ക് ഉയർത്തുന്നു. ആദം നബി (അ) മുതൽ അന്തിമ പ്രവാചകൻ മുഹമ്മദ് (സ) വരെ യെത്തിക്കുന്നു. സിദ്ദീഖുമാർ, ശുഹദാക്കൾ, സ്വാലിഹീങ്ങൾ, തുടങ്ങിയ ജനസഞ്ചയമൊന്നടങ്കം അവന്റെ ചിന്തക്ക് പാത്ര മാവുന്നു. മരണം, പരലോകം, പുനർജ്ജന്മം, വിചാരണ, സ്വർഗ്ഗം, നരകം എന്നിവയെല്ലാം അവന്റെ പഠനത്തിന്ന് വിധേയമാകുന്നു.

വിശ്വാസിയുടെ ആത്മാവ് ദിവ്യ ഒളിവിനാൽ പ്രശോഭിതമാ ണ്. അവന്റെ മാർഗ്ഗവും ചുറ്റുമുള്ള ലോകവും വിശ്വാസിക്ക് തെളിഞ്ഞ് കാണാൻ സാധിക്കുന്നു. അവിശ്വാസിയുടെ ആത്മാ വ് തമസ്സാർന്നതാണ് ചുറ്റുമുള്ള ലോകമോ മുമ്പോട്ടുള്ള മാർ ഗ്ഗമോ അവന് ദൃശ്യമല്ല തൊട്ടാൽ പോലും അറിയാത്ത വിധം അവന്റെ മനസ്സ് ചേതനയറ്റ് പോകുന്നു. സ്വന്തത്തെ പോലും കാണാൻ സാധിക്കാത്തവനായിത്തീരുന്നു. 'ആരുടെയെങ്കിലും മനസ്സ് അല്ലാഹു ഇസ്ലാമിലേക്ക് തുറന്ന് കൊടുത്താൽ അവൻ നാഥനിൽ നിന്നുള്ള പ്രകാശത്തിലാണ് (സുമർ: 22)

എന്നതിനെ പറ്റി നബി (സ) യോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: ( إن النور إذا دخل في القلب اتسع وانفسح )

"ഈമാനിക പ്രകാശം മനസ്സിൽ കടന്നാൽ മനസ്സ് വികസിച്ചു പ്രവിശാലമായി തീരുന്നതാണ്" എന്നർത്ഥം.

അതു പോലെ അവിശ്വാസത്താൽ മനസ്സ് ഇടുങ്ങുകയും ചുരുങ്ങുകയും ചെയ്യുന്നതാണ്.

﴿ فَمَن يُرِدِ ٱللَّهُ أَن يَهْدِيَهُۥ يَشْرَحْ صَدْرَهُۥ لِلْإِسْلَٰمِ ۖ وَمَن يُرِدْ أَن يُضِلَّهُۥ يَجْعَلْ صَدْرَهُۥ ضَيِّقًا حَرَجًا ﴾ ( الأنعام : ١٢٥ )

'ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലാമിലേക്ക് അവൻ തുറന്ന് കൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കുവാനുദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതുമാണ്' (അൻആം: 125).

അവിശ്വാസിക്കനുഭവപ്പെടുന്ന ഇടുക്കവും ഞെരുക്കവും വിശ്വാസിയുടെ മനസ്സിനെ പിടികൂടുന്നതല്ല. ഏകാന്തതയുടെ രോഗം, ഈ ഭൂവിൽ താനൊറ്റക്കാണെന്ന തോന്നൽ അവനതിൽ താഴിട്ട് പൂട്ടിയിരിക്കയാണെന്ന അനുഭവം, ആഴിയുടെ അടിത്തട്ടിലേക്ക് ആണ്ട് പോകുന്ന കപ്പലിൽ അകപ്പെട്ടവനെപ്പോലുള്ള തോന്നൽ, ജനശൂന്യമായ ഏതോ ദ്വീപിൽ ഒറ്റപ്പെട്ടവനെപ്പോലെ മുമ്പിൽ ഭീകരതയാണ് കാണുന്നത്. സമുദ്രത്തിന്റെ ഇരുൾ ഭീമാകാരങ്ങളായ മീനുകൾ, വന്യ ജന്തുക്കളുടെ ഇരമ്പലുകൾ, മുമ്പിൽ അറ്റമില്ലാത്ത കടൽ, ഒന്നിനു പിന്നിൽ മറ്റൊന്നായി വരുന്ന തിരമാലകൾ, രണ്ടാളുടേയും അനുഭവം

ഭീകരം തന്നെ. ജീവിത നൈരാശ്യത്തിന്ന് ഇതിൽപരം ഹേതു മറ്റെന്തുണ്ട്.

ഇതാണ് അനുഭവമെങ്കിൽ ഒരു മനുഷ്യന്റെ ജീവിതം എന്തു മാത്രം ദുസ്സഹമായിരിക്കും ഏകാന്ത സെല്ലിൽ അടക്കപ്പെട്ട ജയിൽപുള്ളിയേക്കാളും കടുത്ത ശിക്ഷയല്ലേ അനുഭവിക്കുന്നത് സ്വന്തത്തെ ജീവിത കാലം മുഴുവനും ഒറ്റപ്പെടുത്തി ജീവിക്കുന്നവൻ അവന് തൊട്ടടുത്ത് വിശാലമായ ലോകവും എണ്ണമറ്റ സമസൃഷ്ടികളുമുണ്ടായിട്ട് പോലും. മനശാസ്ത്ര വിദഗ്ദരുടെ വീക്ഷണത്തിൽ ഇതൊരു മാറാ രോഗമാണ്. താനൊറ്റക്കാണെന്നും ആരേയും വിശ്വസിക്കാൻ പറ്റാത്ത വിധം തനിക്കെതിരാണെന്നുള്ള തോന്നൽ ചിന്തയിലും ദൃഷ്ടിയിലും തന്നിലേക്ക് മാത്രമേ അവൻ എത്തിപ്പെടുകയുള്ളൂ. തനിക്കപ്പുറം ഒന്നും അവന്റെ ദൃഷ്ടിയിലില്ല. കണ്ണാടിക്കൂട്ടിൽ ബന്ധിതനായത് പോലെ ഏത് ഭാഗത്ത് തിരിഞ്ഞാലും തന്റെ ചിത്രം മാത്രം കാണുന്നു. പുറത്ത് ചാടാനുള്ള ഒരു പഴുതും ദൃശ്യമല്ല.

ഇതാണ് ഒരാളുടെ അവസ്ഥ എങ്കിൽ അവന് എന്ത് ചെയ്യാൻ സാധിക്കും എന്ത് പ്രയോജനമാണു അവനെക്കൊണ്ടുള്ളത്. ഫലപ്രദമായി ചിന്തിക്കാനോ മനസ്സമാധാനത്തോടെ കഴിയാനോ അവന് സാധിക്കുമോ?. ഇല്ല എന്ന് തന്നെയാണുത്തരം.

ഇത്തരം രോഗികളെ പഠനത്തിന് വിധേയമാക്കിയ വിദഗ്ദർ പറയുന്നത് ഈ മാനസികാവസ്ഥയിലുള്ളവരുടെ സംസാരങ്ങളിലും പ്രവർത്തനങ്ങളിലും ക്രയവിക്രയങ്ങളിലുമെല്ലാം ഈ രോഗ ലക്ഷണം പ്രകടമാകുമെന്നാണ്. ഇത് വളരുംതോറും ഞരമ്പുകളെയും തലച്ചോറിനെയും ബാധിക്കുന്നതാണ്. എത്രത്തോളമെന്നാൽ ഹൃദയ മിടിപ്പിനെപ്പോലും ബാധിക്കുന്നു. ഭയാശങ്കകളോടെ നാലുപാടും നോക്കുകയും ഓടി രക്ഷ

പ്പെടാൻ തുനിയുകയും ചെയ്യുന്നു. എങ്ങോട്ട്? എവിടെ എത്തിയാലും ഈ അവസ്ഥ തന്നെ.

ന്യൂയോർക്കിലെ മനഃശാസ്ത്ര ഗവേഷണ കേന്ദ്രത്തിന്റെ ഡയറക്ടർ ജനറൽ Dr. MOZES GOBTHEL പറയുന്നു: മനുഷ്യൻ സർവ്വരിൽ നിന്നും ഒറ്റപ്പെട്ടു എന്ന് തോന്നുന്നത് മാരകമായ ബുദ്ധിഭ്രമത്തിന്റെ ലക്ഷണമാണ്.

ഇത്തരം രോഗികളെ നിരീക്ഷണങ്ങൾക്കും ചികിൽസക്കും വിധേയമാക്കിയതിന്ന് ശേഷം മനശ്ശാസ്ത്ര വിദഗ്ദർ എത്തിച്ചേർന്ന നിഗമനം അൽഭുതകരമാണ്. ഇത്തരം രോഗങ്ങൾക്ക് ശമനം കിട്ടാൻ മതത്തിന്റെ അധ്യാപനങ്ങൾ പഠിക്കുകയും ദൈവസ്മരണയിൽ മുഴുകി ദൈവം സദാ കൂട്ടിനുണ്ടെന്ന ബോധം ഉണ്ടാക്കുകയും ചെയ്യുകമാത്രമാണ്. ആപൽക്കരമായ ഇത്തരം രോഗങ്ങൾക്കുള്ള ചികിൽസ ദൈവവിശ്വാസവും മതനിർദ്ദേശങ്ങൾ അനുസരിച്ചുള്ള ജീവിതവുമാണ്. 'ഫ്രാങ്ക് ലോബക്ക് എന്ന ജർമനിയിലെ പ്രശസ്തനായ മനഃശാസ്ത്ര പണ്ഡിതന്റെ അഭിപ്രായം 'താൻ ഒറ്റപ്പെട്ടു എന്ന മാരകമായ മാനസിക രോഗത്തിനടിമപ്പെട്ടവൻ അവന്റെ മനസ്സിനെ നിയന്ത്രിച്ച് താൻ ഒരു ഭാഗത്ത് കൂടി പോകുമ്പോൾ ദൈവം തന്നോടൊപ്പം മറുഭാഗത്ത് കൂടി വരുന്നുണ്ട് എന്ന് മനസ്സിനെ ബോധ്യപ്പെടുത്തുക. ഇതാണ് ഈ രോഗത്തിനുള്ള ഫലപ്രദമായ ചികിൽസ.

ഇസ്ലാമിക വിശ്വാസം ഇതേക്കാൾ ആഴത്തിലുള്ളതും മഹത്തരവുമാണ്. കാരണം 'താൻ എവിടെയായിരുന്നാലും ദൈവം തന്നോടൊപ്പം ഉണ്ട് എന്നതാണ്. ഒരു ഖുദ്സിയായ വചനത്തിൽ അല്ലാഹു ഇങ്ങനെ പറഞ്ഞതായി കാണാം:

( أنا عند ظن عبدي بي وأنا معه إذا ذكرني )

'എന്റെ ദാസൻ എന്നെ വിചാരിക്കുന്നിടത്താണ് ഞാൻ ഉണ്ടാവുക, എന്നെ ഓർക്കുമ്പോഴെല്ലാം ഞാനവന്റെ കൂടെയുണ്ടാവുന്നതാണ്'. വിശുദ്ധ ഖുർആനിൽ ഇങ്ങിനെ കാണാം:

﴿ فَلَا تَهِنُوا وَتَدْعُوا إِلَى السَّلْمِ وَأَنتُمُ الْأَعْلَوْنَ وَاللَّهُ مَعَكُمْ وَلَن يَتِرَكُمْ أَعْمَالَكُمْ ﴾ (محمد : ٣٥)

'ആകയാൽ നിങ്ങൾ ദൗർബല്യം കാണിക്കരുത്, നിങ്ങൾ തന്നെയാണ് ഉന്നതന്മാർ എന്നിരിക്കെ നിങ്ങൾ (ശത്രുക്കളെ) സന്ധിക്ക് ക്ഷണിക്കുകയും ചെയ്യരുത്. അല്ലാഹു നിങ്ങളുടെ കൂടെയുണ്ട്. നിങ്ങളുടെ കർമ്മഫലങ്ങൾ അവൻ നഷ്ടപ്പെടുത്തുകയില്ല' (മുഹമ്മദ്: 35)

യൂറോപ്പിലെ ഉന്നത ശീർഷനായ ഒരു ചിന്തകൻ പുതുവൽസരപ്പിറവിയിൽ നൽകിയ സന്ദേശം ആശാവഹമാണ്. അദ്ദേഹം പറഞ്ഞു: 'ഈ പുതുവർഷപ്പുലരിയിൽ വഴി കാണാതെ ഇരുളിൽ തപ്പുന്നവർ തന്റെ കരങ്ങൾ ദൈവ കരങ്ങളിൽ അർപ്പിക്കട്ടെ,! ദൈവം അവനെ നേരായ മാർഗ്ഗത്തിലേക്ക് വഴി നടത്തിക്കൊള്ളുന്നതാണ്.

ഇവിടെയാണ് ഒരു സത്യവിശ്വാസിയുടെ ഈമാൻ തുലനം ചെയ്തുനോക്കേണ്ടത്. അവന്റെ സർവ്വസ്വവും സ്രഷ്ടാവാണ് നിയന്ത്രിക്കുന്നതെന്നും തന്റെ കൂടെ എല്ലായിടത്തും സ്രഷ്ടാവുണ്ടെന്നും ഒരിക്കലും ഉറക്കമില്ലാത്ത നാഥൻ തന്നെ സദാ വീക്ഷിക്കുന്നുണ്ടെന്നും ദിവ്യ കാവലിന്റെ ശീതളച്ഛായയിലാണ് അവനുള്ളത് എന്നുമുള്ള വിശ്വാസവും ധാരണയും അവന്ന്

കൂടുതൽ സുരക്ഷിതത്വ ബോധവും ആത്മ വിശ്വാസവും ധൈര്യവും നൽകുന്നു. വിശുദ്ധ വചനം ശ്രദ്ധിക്കുക:

'കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേത് തന്നെയാകുന്നു, നിങ്ങൾ എവിടേക്ക് തിരിഞ്ഞു നിന്ന് പ്രാർത്ഥിച്ചാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ടായിരിക്കും. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവ്വജ്ഞനുമാകുന്നു' (ബഖറ: 115).

﴿ وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴾ ( الحديد : ٤ )

'നിങ്ങൾ എവിടെയായിരുന്നാലും അവൻ (അല്ലാഹു) നിങ്ങളോടൊപ്പമുണ്ടാകുന്നതാണ്, നിങ്ങൾ ചെയ്യുന്നതിനെ അല്ലാഹു കാണുന്നവനാകുന്നു' (ഹദീദ്: 4).

'തീർച്ചയായും എന്നോടൊപ്പം എന്റെ രക്ഷിതാവുണ്ട്. അവൻ എനിക്ക് വഴി കാണിച്ചു തരും' (ശുഅറാഅ്: 62).

ഹിജ്റ വേളയിൽ ഹിറാ ഗുഹയിൽ പ്രവാചകന് ലഭിച്ച ധൈര്യവും ശാന്തതയും അല്ലാഹു കൂടെയുണ്ട് എന്നതായിരുന്നു. ഖുർആൻ പറയുന്നു:

﴿ إِذْ يَقُولُ لِصَٰحِبِهِۦ لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا ۖ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَيْهِ ﴾ ( التوبة : ٤٠ )

'അദ്ദേഹം തന്റെ കൂട്ടുകാരനോട് 'ദുഃഖിക്കേണ്ട, തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്' എന്ന് പറയുന്ന സന്ദർഭം അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന്ന് ഇറക്കിക്കൊടുത്തു' (തൗബ: 40).

അല്ലാഹുവിന്റെ സംരക്ഷണത്തിലും സംതൃപ്തിയിലും കാവലിലുമാണ് താനെന്ന വിശ്വാസവും തിരിച്ചറിവും മുഅ്മിനിന്റെ

ജീവിതത്തെ ധന്യമാക്കുന്നു. തികഞ്ഞ ഏകാന്തതയിലും തന്നോടൊപ്പം നാഥനുണ്ടെന്ന ധാരണ, ഇരവുകളുടെ അന്ധകാര യാമങ്ങളിലും മനസ്സിനെ ശോഭയാക്കുന്ന ദിവ്യ ഒളിവ്, നിസ്സഹായാവസ്ഥയിൽ തന്നെ നാഥൻ സഹായിക്കുമെന്ന ശുഭാപ്തി, റബ്ബിലേക്കാണ് തന്റെ പുറപ്പാടെന്ന ഉറച്ച വിശ്വാസം, സത്യവിശ്വാസിയുടെ മനസ്സിന് ചൈതന്യവും കർമ്മങ്ങൾക്ക് പരിശുദ്ധിയും ജീവിതത്തിന് ലക്ഷ്യ ബോധവുമുണ്ടാക്കുന്നു.

ഒരു മഹാൻ ഇപ്രകാരം പാടി: "നാഥാ നീ ദർശനം നൽകിയ മനസ്സിന് വിളക്കാവശ്യമില്ല, ജനം തെളിവുകളുമായി വരുന്ന നാൾ നിന്റെ പ്രീതിയാണ് ഞങ്ങളുടെ ലക്ഷ്യം"

************

## പ്രവാചകരോടൊപ്പം വിരാചിക്കുന്നു

സത്യവിശ്വാസിക്ക് ഏകാന്തത അനുഭവപ്പെടുകയില്ലെന്ന് സുചിപ്പിച്ചല്ലോ. അല്ലാഹുവിനെക്കൂടാതെ അവന്റെ മനസ്സ് എപ്പോഴും ലോകത്തിലെ മറ്റെല്ലാ സത്യവിശ്വാസികളോടൊപ്പവുമാണ്. നമസ്കാരത്തിൽ അവൻ പറയുന്നു:

﴿ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴾ ( الفاتحة : ٥ )

'നിന്നെ മാത്രമാണ് ഞങ്ങൾ ആരാധിക്കുന്നത്, നിന്നോട് മാത്രമാണ് ഞങ്ങൾ സഹായം തേടുന്നത്. ഞങ്ങളെ നീ ചൊവ്വായ മാർഗ്ഗത്തിൽ നയിക്കേണമേ' (ഫാതിഹ:).

ഇവിടെ ഞങ്ങളെന്ന ബഹുവചനം കൊണ്ടുദ്ദേശിക്കുന്നത് മറ്റെല്ലാ സത്യവിശ്വാസികളുമാണ്. പ്രാർത്ഥനയിലും അവൻ ഒറ്റക്കല്ല. മറ്റുള്ളവർക്കു വേണ്ടിക്കൂടിയാണ് അവൻ തേടുന്നത്.

﴿ رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ ﴾ (الحشر: ١٠)

'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്കു മുമ്പു കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തു തരേണമേ' (ഹശ്ർ: 10)

മാത്രമല്ല താൻ പ്രവാചകന്മാരുടെ കൂടെയുമാണെന്ന ധാരണ അവന്ന് കരുത്തേകുന്നു. വിശുദ്ധ ഖുർആൻ കാണുക:

'ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യസന്ധന്മാർ, രക്ത സാക്ഷികൾ, സച്ചരിതന്മാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ' (നിസാഅ്: 69).

ഈ മഹത്തുക്കളുടെ ഒപ്പമാണ് താനെന്ന ബോധം സത്യവിശ്വാസിക്ക് ചൈതന്യമേകുന്നു. 'ഉലുൽ അസ്മു'കളായ പ്രവാചകന്മാർ, വിശുദ്ധ യുദ്ധക്കളങ്ങളിൽ വീരമൃത്യു വരിച്ച ശുഹദാക്കൾ, ജീവിതം ഇസ്‌ലാമിന്ന് വേണ്ടി അർപ്പിച്ച സിദ്ദീഖുമാർ, സ്വാലിഹീങ്ങൾ തുടങ്ങിയവരുടെ കൂട്ടത്തിൽ ഒരുവനാണ് താനെന്ന ധാരണ ഏതൊരാളെയാണ് ധന്യമാക്കാതിരിക്കുക. ഇതിൽപരം വിജയം ആർക്കാണ് ലഭിക്കുക. ഇത് കേവലം ശാരീരികമായ ഒത്തുകൂടലല്ല, മറിച്ച് മാനസികവും ആത്മീയവുമായ ഒത്തുചേരലാണ്. വിശ്വാസിക്കല്ലാതെ മറ്റൊരാൾക്കും ഈ അനുഭൂതി ലഭ്യമല്ല. അവന്റെ ജീവിത ചരിത്രം ആരംഭിക്കുന്നത് ആദം നബി (അ) മുതലാണ്. അവിടന്നിങ്ങോട്ടുള്ള

സംഭവ ബഹുലമായ ചരിത്ര സംഭവങ്ങളിലൂടെയാണ് സത്യ വിശ്വാസിയുടെ ജീവിത യാത്ര, ദുരിതങ്ങളും പ്രയാസങ്ങളും വിശ്വാസം കൊണ്ട് കീഴടക്കിയ ഒട്ടേറെ മുഹൂർത്തങ്ങൾ, അചഞ്ചലമായ വിശ്വാസം കൊണ്ട് അഗ്നിയെപ്പോലും അതിജീവിച്ചത് തുടങ്ങിയവ താനനുഭവിക്കുന്ന രീതിയിൽ അവന്റെ മനതാരിലൂടെ കടന്നുപോകുന്നു. ഇതെല്ലാം അവന്ന് ശക്തി പകരുകയും ത്യാഗ മനസ്ഥിതി ഉണ്ടാക്കുകയും ചെയ്യുന്നു. എല്ലാറ്റിലും ശുഭാപ്തിയോടെ അവന് കഴിയാൻ സാധിക്കുന്നു.

## പ്രാർത്ഥന മനശ്ശാന്തിയുടെ സ്രോതസ്സ്

ഭൗതിക വാദികൾക്ക് ലഭിക്കാത്തതും എന്നാൽ ദൈവ വിശ്വാസികൾക്ക് ലഭ്യവുമായ ഒരു അനർഘ നിധിയാണ് പ്രാർത്ഥന മൂലം ലഭ്യമാവുന്ന മനഃശ്ശാന്തിയെന്നത്. സൃഷ്ടികർത്താവും തന്റെ സർവ്വസ്വവും ഭരമേൽപിക്കപ്പെട്ടവനുമായ രക്ഷിതാവിനോട് തന്റെ പ്രശ്നങ്ങൾ നേർക്കുനേരെ സംസാരിക്കുമ്പോഴുണ്ടാകുന്ന നിർവൃതി അനിർവ്വചനീയമാണ്. നമസ്കാരത്തിൽ മുഅ്മിനിന് ലഭിക്കുന്നതും ഈ നിർവൃതിയാണ്. മനുഷ്യമനസ്സ് സകലവിധ മറകളും ഭേദിച്ച് സ്രഷ്ടാവിന്റെ സന്നിധാനത്തിലെത്തുന്ന സന്ദർഭം, ഭൗതിക ലോകത്തുനിന്ന് ആത്മീയ ലോകത്തേക്ക് ഉയർത്തപ്പെടുന്ന അവസരം, സർവ്വജ്ഞനും സർവ്വാധിപതിയും സർവ്വലോക രക്ഷിതാവുമായ സ്രഷ്ടാവുമായി നേർക്കുനേരെ സംവദിക്കുന്ന മുഹൂർത്തം, തന്റെ പരാതികളും പരാധീനതകളും സുഖവും ദുഃഖവും സ്നേഹവും ബഹുമാനവും എല്ലാം ഉള്ളുതുറന്ന് രക്ഷിതാവിന്റെ മുമ്പിൽ

അവതരിപ്പിക്കുന്ന ധന്യമുഹൂർത്തം. അതാണ് നമസ്കാരത്തിലൂടെ വിശ്വാസിക്ക് കരഗതമാകുന്നത്.

സ്രഷ്ടാവുമായുള്ള ഈ അഭിമുഖത്തിൽ മനസ്സിന് കരുത്തും ആത്മാവിന് ചൈതന്യവും ജീവിതത്തിന് നവോന്മേഷവും ലഭിക്കുന്നു. ഇത് കൊണ്ടാണ് നമസ്കാരം മുസൽമാന്റെ ജീവിത കളരിയിലുള്ള ആയുധമായി സ്രഷ്ടാവ് നിർദ്ദേശിച്ചത്.

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱسْتَعِينُوا۟ بِٱلصَّبْرِ وَٱلصَّلَوٰةِ ۚ إِنَّ ٱللَّهَ مَعَ ٱلصَّـٰبِرِينَ ﴾ ( البقرة : ١٥٣ )

'സത്യവിശ്വാസികളെ, നിങ്ങൾ സഹനവും നമസ്കാരവും മൂലം (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു' (ബഖറ: 153).

പ്രവാചകനായ മുഹമ്മദ് (സ)ക്ക് വല്ല പ്രയാസമോ പ്രശ്നങ്ങളോ നേരിട്ടാൽ ഉടനെ നമസ്കരിക്കുകയായിരുന്നു പതിവ്. അത് കേവലം അംഗവിക്ഷേപമല്ല. മറിച്ച് മനസ്സ് അല്ലാഹുവിന്റെ ചാരത്തണയുന്ന അനുഭൂതി നിറഞ്ഞ ധന്യ മുഹൂർത്തമായിരുന്നു അത്. അത് കൊണ്ടാണ് നമസ്കാരത്തിന്റെ സമയമായാൽ പ്രവാചകൻ ബിലാൽ (റ)വിനോട് പറയാറുണ്ടായിരുന്നത്: ( أرحنا بها يا بلال ) ബിലാലേ, നമസ്കാരം കൊണ്ട് നമുക്ക് ആശ്വാസം നൽകൂ'. പ്രവാചകൻ (സ) പറയാറുണ്ട്:

'നമസ്കാരത്തിൽ എന്റെ കണ്ണ് കുളിർമ്മയാക്കപ്പെട്ടിരിക്കുന്നു'. 'അശാന്തിയില്ലാത്ത ജീവിതം' എന്ന കൃതിയിൽ 'DENCAR NEEJE' എന്ന പ്രസിദ്ധ എഴുത്തുകാരന്റെ കുറിപ്പ് വളരെ ശ്രദ്ധേയമാണ്. അദ്ദേഹം എഴുതുന്നു: 'മനുഷ്യ ജീവിത

ത്തിൽ നമസ്കാരത്തിനുള്ള സ്വാധീനം വളരെ വലുതാണ്. ആത്മാവിന്റെ ജീവനുമാണത്.

നമസ്കാരം ജീവിതത്തിൽ വിലമതിക്കപ്പെടാനാവാത്ത സഹായങ്ങൾ നൽകുന്നു. അത് വളരെ ജാഗ്രതയുള്ള, സ്വാധീനം ചെലുത്തുന്ന കർമ്മമാണ്. നിരീശ്വര വാദിക്ക് പോലും നിഷേധിക്കാൻ കഴിയാത്ത മൂന്ന് വസ്തുതകൾ നമസ്കാരം കൊണ്ട് ലഭിക്കുന്നു.

1) മനസ്സിനെ മെതിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളിൽ നിന്ന് മോചനവും നിർഭയത്വവും ലഭിക്കുന്നു. കാരണമറിയപ്പെടാത്ത ഭീതിദയമായ പ്രശ്നങ്ങളിൽ നിന്നുള്ള മോചനം അപ്രാപ്യമാണ്. മനസ്സ് തുറന്ന് ദൈവത്തിന്റെ മുമ്പിൽ പ്രാർത്ഥനാനിരതനാകുന്നവന്ന് അത് പ്രാപ്യമാകുന്നു.

2) നമസ്കാരം നിമിത്തം അന്യതാ ബോധം മാറുകയും താൻ ദൈവത്തോടും മറ്റ് സൃഷ്ടികളോടും അന്യനല്ലെന്നും അവരുമായി ഇഴുകിച്ചേർന്ന് ജീവിക്കുന്നവനാണെന്നുമുള്ള കരുത്ത് നൽകുന്നു. മനസ്സിൽ ഘനം തൂങ്ങിക്കിടക്കുന്ന ഭാരങ്ങൾ ദൈവത്തിന്റെ മുമ്പിൽ ഇറക്കിവെക്കുന്നതോടു കൂടി കുടുക്കുകളിൽ നിന്ന് മോചനം നേടിയ അനുഭവമുണ്ടാകുന്നു. ദുഃഖ ഭാരങ്ങൾ സ്വന്തമായി പേറി നടക്കുന്നവൻ അടുത്തവരിൽ അത് അവതരിപ്പിച്ചാൽത്തന്നെ ഭാരമിറക്കിയ പോലെ തോന്നും. അപ്പോൾ സ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തിന്റെ മുമ്പിൽ വെക്കുമ്പോൾ പരിപൂർണ്ണമായ മോചനമാണല്ലോ ലഭിക്കുക.

മനശ്ശാസ്ത്ര വിദഗ്ദർ പറയുന്നത് മനസ്സിൽ ദുഃഖ ഭാരങ്ങൾ ഘനം തൂങ്ങി വെക്കരുതെന്നും അടുത്ത ബന്ധുക്കൾ, സുഹൃത്തുക്കൾ, കൈകാര്യ കർത്താക്കൾ തുടങ്ങിയവരോട്

പറഞ്ഞ് മനസ്സിന് ആയാസം വരുത്തണമെന്നുമാണ്. സർവ്വേശനും സർവ്വശക്തനുമായ ദൈവത്തോടാണ് പരാതികൾ പറയുന്നതെന്ന ബോധത്തോടെ പ്രയാസങ്ങൾ പറഞ്ഞുതീർത്താൽ മനസ്സിന് സമാധാനവും ശാന്തിയും ലഭിക്കുമെന്നതിൽ പക്ഷാന്തരമില്ലല്ലോ.

3) നമസ്കാരം, കൂടുതൽ ഔൽസുക്യത്തോടെ ജീവിത വ്യവഹാരങ്ങളിൽ മുഴുകാൻ സഹായിക്കുന്നു. ജീവിതത്തിന് ശുദ്ധ പ്രതീക്ഷയും നവോന്മേഷവും നമസ്കാരം നിമിത്തം ലഭിക്കുന്നു. യാതൊരു കാര്യവും ലഭിക്കുന്നില്ലെങ്കിൽ നാൾക്കുനാൾ ജനസഞ്ചയം നമസ്കാരം നിർവ്വഹിക്കുമായിരുന്നോ? ഇല്ല എന്നതാണുത്തരം. അപ്പോൾ അവരുടെ മനസ്സിന് സമാധാനവും ജീവിതത്തിന് സഹായകമായ അവസ്ഥയും ആത്മാവിന് സംതൃപ്തിയും നമസ്കാരം കൊണ്ട് ലഭ്യമാവുന്നുണ്ട് എന്നതാണ് സത്യം.

ALAKSAS KAREL എന്ന നോബൽ സമ്മാനം ലഭിച്ച പ്രശസ്ത എഴുത്തുകാരൻ പറഞ്ഞു: 'നാളിതുവരെ ഞാൻ തുടർന്ന് പോന്ന കാര്യങ്ങളിൽ ജീവിതത്തിന് നവോന്മേഷം നൽകുന്നത് നമസ്കാരം മാത്രമാണ്. എന്തുകൊണ്ട് മാനവർ ആ പാത സ്വീകരിക്കുന്നില്ല'?

ഇതാണ് പൊതുവെ എല്ലാ മത വിഭാഗങ്ങളും നടത്തുന്ന നമസ്കാരത്തിന്റെ അവസ്ഥയെങ്കിൽ ഇസ്‌ലാമിക നമസ്കാരം ഇതിൽ നിന്നും തീർത്തും വിഭിന്നമാണ്.

അംഗശുദ്ധി വരുത്തി കഅ്ബയിലേക്ക് തിരിഞ്ഞ് നിന്ന് പവിത്ര കർമ്മം ചെയ്യുന്നുവെന്ന ഉദ്ദേശത്തോടെ ഖുർആൻ പാരായണവും ദിക്റുകളും പ്രാർത്ഥനകളുമായി ഏക മനസ്കനായി അല്ലാഹുവിന് മുമ്പിൽ പ്രണാമങ്ങൾ അർപ്പിക്കുമ്പോൾ

ദുഃഖ ഭാരങ്ങളും പാപ ഭാണ്ഡങ്ങളും ഉതിർന്നുവീഴുന്നതും ക്ഷേമായ്ശ്വര്യങ്ങൾ കൈവരുന്നതുമാണെന്നതിൽ സന്ദേഹമില്ല.

പ്രശ്നങ്ങളുടെയും പ്രയാസങ്ങളുടെയും നെരിപ്പോടിൽ എരിയുന്ന മനസ്സ് സ്രഷ്ടാവിന്റെ മുമ്പിൽ തുറന്ന് വെക്കുന്ന വിശ്വാസിക്ക് ലഭിക്കുന്ന ആനന്ദം അനിർവ്വചനീയമാണ്. പ്രവാചകൻ പ്രാർത്ഥിച്ചതുപോലെ അവൻ പ്രാർത്ഥിക്കുന്നു:

'ഏഴ് ആകാശങ്ങളുടെയും മഹത്തായ സിംഹാസനത്തിന്റെയും രക്ഷിതാവായ നാഥാ, ഞങ്ങളുടേയും സർവ്വത്തിന്റേയും രക്ഷിതാവായ നാഥാ, വിത്തിനേയും ധാന്യത്തേയും മുളപ്പിക്കുന്നവനേ, വിശുദ്ധ ഗ്രന്ഥങ്ങളായ തൗറാത്തും ഇഞ്ചീലും ഖുർആനും അവതരിപ്പിച്ചവനായ നാഥാ, സകല വിധ ജീവജാലങ്ങളുടെ ഉപദ്രവത്തെത്തൊട്ടും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു. നിന്നിലാണവയുടെ നിയന്ത്രണം. നീ അനാദ്യനാണ്, നിന്റെ മുമ്പ് മറ്റൊന്നുമില്ല. നീ അനന്ത്യനാണ്, നിന്റെ ശേഷവും ഒന്നുമില്ല. നീ എല്ലാം വ്യക്തമായി അറിയുന്നവനാണ്. നിന്റെ മീതെയൊന്നുമില്ല. നീ അദൃശ്യമായതും അറിയുന്നവനാണ്, നീയല്ലാതെ അത് അറിയുകയില്ല. എന്റെ കടങ്ങൾ നീ വീട്ടിത്തരേണമേ... ദാരിദ്ര്യത്തിൽ നിന്നും എനിക്ക് നീ ഐശ്വര്യം തരേണമേ' (മുസ്ലിം).

മക്കായിലെ പീഢനങ്ങളിൽനിന്നെല്ലാം മോചനം ലഭിക്കുമെന്ന മോഹത്തോടെ തന്റെ ബന്ധുമിത്രാതികൾ നിവസിക്കുന്ന ത്വാഇഫിലേക്ക് പോയ പ്രവാചകൻ (സ)ക്ക് നേരിടേണ്ടി വന്നത് ആശ്വാസത്തിന് പകരം വളരെ വേദനയുണ്ടാക്കുന്ന രംഗങ്ങളായിരുന്നു. ശാരീരികവും മാനസികവുമായ പീഢനങ്ങളാണുണ്ടായത്. ശക്തമായ ഏറുനിമിത്തം പാതത്തിൽ നിന്നും രക്തമൊഴുകി. തെരുവുകുട്ടികളെ സംഘടിപ്പിച്ച് പ്രവാ

ചകനെ ഭ്രാന്തനെന്ന് വിളിക്കുകയും ആക്ഷേപിക്കുകയും ചെയ്തു. മനസ്സിലും ആഴത്തിലുള്ള മുറിവുണ്ടാക്കി. സംഘർഷഭരിതമായ ഈ രംഗവും പ്രവാചകൻ നേരിടുന്നത് സമാധാന ചിത്തനായിക്കൊണ്ടാണ്. ഇരു കരങ്ങളും സ്രഷ്ടാവിലേക്കുയർത്തി ഗദ്ഗദ സ്വരത്തിൽ അവിടന്നുരുവിട്ടു:

( اللهم إني أشكو إليك ضعف قوتي وقلة حيلتي وهواني على الناس يا أرحم الراحمين ، أنت رب المستضعفين ، وأنت ربي )

'നാഥാ.. എന്റെ ദൗർബല്യവും, എന്റെ തന്ത്രത്തിന്റെ പോരായ്മയും, ജനങ്ങളുടെ മുമ്പിൽ എന്റെ നിസ്സഹായാവസ്ഥയും ഞാൻ അവഹേളിക്കപ്പെട്ടതുമെല്ലാം നിന്നോട് മാത്രം പരാതിപ്പെടുകയാണ്. കരുണാനിധിയായ നാഥാ.. ദുർബ്ബലരുടെയും എന്റെയും രക്ഷിതാവാണ് നീ..'.

പരീക്ഷണങ്ങളുടെ നെരിപ്പോടിലും വിശ്വാസി സമാധാനത്തിന് വേണ്ടി രക്ഷിതാവിനോട് മാത്രം കേഴുകയും ശാന്തതയോടെ എല്ലാം സഹിക്കുന്നതുമാണ് നാമിവിടെ കാണുന്നത്.

മനുഷ്യനെ നിഷ്ക്രിയമാക്കുന്ന ഒരു മഹാ വിപത്താണ് നിരാശ. കഴിഞ്ഞതിനെ ഓർത്തുള്ള ഖേദം, ഇന്നിനോടുള്ള കോപം, നാളെയെക്കുറിച്ചുള്ള ഭീതി, ഇതിൽ നിന്നുരുത്തിരിയുന്ന ഒരവസ്ഥ മനുഷ്യരെ നിരാശരും നിഷ്ക്രിയരുമാക്കുന്നു. തനിക്ക് വന്നുഭവിച്ച തിക്താനുഭവങ്ങളെ ഓർത്തോർത്ത് സദാ നേരവും മനം മുഷിഞ്ഞിരിക്കുകയും അപ്പോൾ ഇങ്ങിനെ ചെയ്തിരുന്നെങ്കിൽ ഈ അനുഭവമുണ്ടാകുകയില്ലായിരുന്നുവെന്ന് മനക്കോട്ട കെട്ടുകയും ചെയ്യുന്നു. അങ്ങിനെ ചെയ്യാത്തതിൽ സ്വയം ശപിക്കുകയും അത് ചെയ്യാമായിരുന്നു, ഇത് ചെയ്യാമായിരുന്നു, ഒന്നും ചെയ്തില്ല, ഇനി എന്ത് ചെയ്യാനാണ്

എന്നൊക്കെ പിറുപിറുക്കുകയും കൈ മലർത്തുകയും ചെയ്യുന്നു. ഈ നിസ്സഹായാവസ്ഥ ഒരു സത്യവിശ്വാസിക്ക് ഉണ്ടാവുന്നതല്ല. കാരണം ഇതെല്ലാം ദൈവ വിധിയാണെന്നതാണ് അവന്റെ ഉറപ്പ്. ദൈവഹിതത്തിന് എതിരായി ഒന്നുമുണ്ടാവില്ലെന്ന് ഉറച്ചുവിശ്വസിക്കുന്നവനാണവൻ.

മനശ്ശാസ്ത്ര വിദഗ്ദർ, സാമൂഹ്യ പരിഷ്കർത്താക്കൾ, വിദ്യാഭ്യാസ വിജക്ഷണർ, ഗവേഷണ പടുക്കൾ എന്നിവരെല്ലാം പറയുന്നത് കഴിഞ്ഞതിനെപ്പറ്റി ദുഃഖിച്ച് കാലം വ്യഥാവിലാക്കരുതെന്നാണ്. കഴിഞ്ഞത് കഴിഞ്ഞു. ഇനിയത് ഒരിക്കലും തിരിച്ചുവരില്ല. അതിൽ നിന്നും പാഠമുൾക്കൊണ്ട് ജീവിക്കുന്ന ഇന്ന് സുഭദ്രമാക്കുക എന്നതാണ് ബുദ്ധി.

അമേരിക്കയിലെ ഒരു പ്രൊഫസർ തന്റെ മുമ്പിലിരിക്കുന്ന വിദ്യാർത്ഥികളോട് ഒരിക്കൽ ചോദിച്ചു: 'നിങ്ങളിലാരാണ് മരം നട്ടത്? അധിക പേരും കൈ പൊക്കി. അയാൾ ചോദ്യം ആവർത്തിച്ചു: 'നിങ്ങളിലാരാണ് ഒരിക്കൽ നട്ടത് തന്നെ വീണ്ടും നട്ടത്?' ആരും കൈ പൊക്കിയില്ല. അപ്പോൾ അയാൾ പറഞ്ഞു: 'അതാണ് സത്യം, ചെയ്തു കഴിഞ്ഞ കാര്യം വീണ്ടും ചെയ്യുക അസാധ്യമാണ്. കഴിഞ്ഞ സംഭവം കഴിഞ്ഞു, എനി അത് ഉണ്ടാവുകയില്ല. അതിനോട് താരതമ്യമുള്ളതോ അതുപോലത്തതോ ഉണ്ടാവാം. കഴിഞ്ഞ ആ പ്രവൃത്തി ആവർത്തിക്കുക അസാധ്യമാണ് എന്നർത്ഥം. ഗോതമ്പ് പൊടിച്ച് മാവാക്കിയാൽ വീണ്ടും അത് ഗോതമ്പാക്കി പൊടിച്ച് മാവാക്കുക സംഭവ്യമല്ല. ഇത് പോലെ കഴിഞ്ഞ സംഭവം വീണ്ടും സംഭവിക്കുക സാധ്യമല്ല തന്നെ. അതിനാൽ കഴിഞ്ഞതിനെപ്പറ്റി ചിന്തിച്ച് വേവലാതിപ്പെടരുത്.

സത്യവിശ്വാസി അവന്റെ സർവ്വസ്വവും ദൈവത്തിലർപ്പിക്കുകയാണ് ചെയ്യുന്നത്. സംഭവിക്കുന്നതെല്ലാം ദൈവഹിതമാണെന്നാവന്റെ വിശ്വാസം. ആയതുകൊണ്ട് തന്നെ അവനൊരിക്കലും സംഭവിച്ചതിൽ ഖേദിക്കുന്നില്ല. ഇന്ന് നടക്കുന്നതും ദൈവഹിതം തന്നെ, അതിനെ തട്ടിമാറ്റാൻ ദൈവത്തിനോട് പ്രാർത്ഥിക്കുകയല്ലാതെ കോപാക്രാന്തനായി സ്വയം നശിക്കുക എന്നത് വിശ്വാസിയിൽ നിന്നുണ്ടാവുകയില്ല. ആത്മഹത്യ പോലുള്ളത് സത്യവിശ്വാസിയിൽ നിന്ന് ഉണ്ടാവാത്തതും ഇത് കൊണ്ടാണ്.

നാളെയെന്ത് സംഭവിക്കുമെന്ന ഭീതിയും സത്യവിശ്വാസിക്കുണ്ടാവുകയില്ല. കാരണം അവൻ എല്ലാം സർവ്വ ശക്തനായ നാഥനിൽ ഏൽപ്പിച്ചിരിക്കുകയാണ്. നാഥൻ എന്ത് ഇച്ഛിക്കുന്നുവോ അത് നടക്കുക തന്നെ ചെയ്യും. അതിൽ ഭീതിപൂണ്ടിട്ട് യാതൊരു കാര്യവുമില്ലെന്നതാണ് വിശ്വാസിയുടെ നിലപാട്. ഇസ്‌ലാം ആശ്ലേഷിച്ച ഒരു ചിന്തകൻ ഒരിക്കൽ പറയുകയുണ്ടായി: 'ഞാനിപ്പോൾ വല്ലാത്ത സ്വാതന്ത്ര്യം അനുഭവിക്കുകയാണ്. മുമ്പ് എന്റെ കാര്യം മുഴുവനും ഞാൻ തന്നെ ചെയ്യണമായിരുന്നു. ഇന്ന് ഞാൻ സ്വതന്ത്രനാണ്. എന്റെ കാര്യം മുഴുവനും ഞാൻ ദൈവത്തിലേൽപ്പിച്ചിരിക്കയാണ്. അവൻ ഇച്ഛിക്കുന്നതേ സംഭവിക്കുകയുള്ളൂ.

ചുരുക്കത്തിൽ വിശ്വാസത്തിന്, അതേ ഏക ദൈവ വിശ്വാസത്തിന് മാത്രമേ മനുഷ്യന് മനസ്സമാധാനം നൽകാൻ സാധിക്കുകയുള്ളൂ. ഈ വിശ്വാസം കൈവിട്ടവർ സമാധാനത്തിനായി നാലുപാടും ഓടുകയും സകലത്തിന്റെ പിന്നാലെ നടക്കുകയും ചെയ്തിട്ടും ഒന്നും നേടാതെ ഹിപ്പികളും മയക്കുമരുന്നിന്റെ അടിമകളും ജീവിത നൈരാശ്യം ബാധിച്ച് ആത്മഹത്യ

ചെയ്യുന്നവരുമായി മാറുന്ന സംഭവങ്ങൾ കാലാകാലം ലോകം കണ്ട് കൊണ്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ആയതിനാൽ സമാധാനത്തിനും മനശ്ശാന്തിക്കും മോഹിക്കുന്നവർ ഏക ദൈവ വിശ്വാസത്തിലേക്ക് തിരിച്ചുവരട്ടെ. അപ്പോളവർക്ക് ഒരു പുതുജീവിതം ലഭ്യമാകുന്നതാണ്. മനുഷ്യ പ്രകൃതത്തിന്റെ തേട്ടവും മനസ്സിന്റെ ഉൾവിളിയും അതാണാവശ്യപ്പെടുന്നത്. മനസ്സമാധാനം തേടുന്നവരേ നിങ്ങൾക്ക് സ്വാഗതം. ഇവിടെ ഈ പൂങ്കാവനത്തിൽ ഏകദൈവ വിശ്വാസമാകുന്ന ഈ മലർ വാടിയിലേക്ക് കടന്നുവരിക, മനശ്ശാന്തിയോടെ ജീവിക്കാം. ദൈവം തുണക്കുമാറാവട്ടെ!

************

# الإيمان و سكينة النفس

إعداد

## القسم العلمي في الدار

ترجمة

## المركز الإصلاحي الهندي بالرياض

دار الـورقــات العلميــة للنشــر والتــوزيــع

الرياض ٣٢٦٥٩ ص.ب ١١٤٣٨ هاتف :٤٢٢٨٨٣٧ ناسوخ ٢٩٣٣٤٠٧



Designed By : BANAN 0126673455


دار الورقات العلمية للنشر والتوزيع

الرياض - الشفا - هاتف : ٤٢٢٨٨٣٧ - فاكس : ٢٩٨٣٤٠٧


# الإيمان
# وسكينة النفس

إعداد :

القسم العلمي في الدار

ترجمة

المركز الإصلاحي الهندي بالرياض